ANNUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ



ദിവ്യതേജസ്സിൽ നിന്നും ഉയിർന്നുവീണ കണ്ണുനീർതുള്ളികൾ

# വാർത്തകൾ

## വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ദുഖ്റോനോ നവംബർ 6ന്

തൃക്കുന്നത്ത് സിമ്മിനാരിയിൽ കബറടങ്ങിയിരിക്കുന്ന യാക്കോബായ സഭയുടെ അങ്കമാലി-തുമ്പമൺ-നിരണം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്ന വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ നവംബർ 6ന് കൊണ്ടാടി.

സിമ്മിനാരിയുടെ നാനാവിധ അഭിവൃദ്ധിക്ക് നേതൃത്വം കൊടുത്തതും തുർക്കിയിൽ നിന്നും സിറിയയിൽ നിന്നും പണം പിരിച്ച് സിമ്മിനാരി പുനർനിർമ്മിച്ചതും ഇദ്ദേഹമാണ്. നിഷ്ഠയായ ജീവിതം, കർക്കശമായ നിലപാടുകൾ ജീവിത ലാളിത്യം, കഠിനാദ്ധ്വാനം, ആജ്ഞാശക്തി, പ്രാർത്ഥനാജീവിതം, തന്റേടം, സാമ്പത്തിക ഇടപാടുകളിലെ സുതാര്യത, ആത്മാർത്ഥത, കുലീനത്വം നിറഞ്ഞ ഇടപെടലുകൾ സർവ്വോപരി ഉറച്ച അന്ത്യോഖ്യാ സിംഹാസനഭക്തി ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്രകൾ. മുഖത്തുനോക്കി സത്യമെന്നതും ശരിയെന്നു തോന്നുന്നതും പറയുവാനുള്ള ചങ്കൂറ്റം അദ്ദേഹത്തിനുണ്ടായിരുന്നു.

എതിരാളികൾ അദ്ദേഹത്തെ ഭയത്തോടെ നോക്കികണ്ടിരുന്നെങ്കിലും അതിനപ്പുറം ബഹുമാനവും ആദരവും ഉണ്ടായിരുന്നു. സഭയുടെ വളർചത്ചയും സത്യവിശ്വാസത്തിന്റെ നിലനില്പുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അഭി. തിരുമേനിയുടെ ദേഹവിയോഗമാണ് ഒരുപക്ഷേ സഭയിലെ ഇന്നത്തെ പിളർപ്പിനു കാരണവും. ഉണ്ടായിരുന്നെങ്കിൽ ഇതു സംഭവിക്കില്ലായിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിന്റെ മേൽക്കോയ്മ ഇല്ലാതാക്കാൻ ആരേയും അനുവദിക്കുകയുമില്ലായിരുന്നു. തിരുമേനിയുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

## നെച്ചൂർ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന്റെ കേസ് തള്ളി

പാത്രിയർക്കീസ് വിഭാഗത്തിനെതിരെ ഓർത്തഡോക്സ് വിഭാഗം ഹൈക്കോടതിയിൽ നല്കിയ ഹർജ്ജി നിരുപാധികം തള്ളികൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായി.

## ഡോ. ഗീവറുഗീസ് മാർ കൂറീലോസിന് 'ഓർഡർ ഒഫ് സെന്റ് മിലിത്തോസ്' ബഹുമതിയും എസ്.സി.എം. ചെയർമാൻ സ്ഥാനവും

സുറിയാനി സഭയുടെ നിരണം-യു.കെ. ഭദ്രാസനങ്ങളുടെ ഡോ. ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് യു.കെ. ആംഗ്ലിക്കൻ സഭയുടെ ലണ്ടൻ ബിഷപ്പ് അദ്ദേഹത്തിന്റെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി 'ഓർഡർ ഓഫ് സെന്റ് മിലിത്തോസ്' ബഹുമതി നല്കി ആദരിച്ചു. എക്യൂമെനിക്കൽ പ്രവർത്തനങ്ങൾക്കായി എ.ഡി. 619ൽ കാലംചെയ്ത കാന്റർബറി ആർച്ച് ബിഷപ്പ് മാർ മിലിത്തോയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ ബഹുമതി.

കൂടാതെ തിരുമേനിയെ സ്റ്റുൻഡ്ന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ദേശീയ ചെയർമാനായി കഴിഞ്ഞ മാസം കൂടിയ ദേശീയ പ്രവർത്തക സമ്മേളനം തെരഞ്ഞെടുക്കുകയുണ്ടായി.

## ഫാ. എൽദോസ് കൗങ്ങംപ്പള്ളിയെ മുടക്കി

യു.കെ. ഇടവകയുടെ വികാരിയായിരുന്ന ഫാ. എൽദോസ് കൗങ്ങംപ്പള്ളിയെ സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിനും ഇടവക മെത്രാപ്പോലീത്തായെ ധിക്കരിച്ചതിനും പ. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് മുടക്കി കല്പനയായി. വികാരിയായതിനുശേഷം ഇടവകയേക്കാൾ വളർന്ന അദ്ദേഹം ധിക്കാരപരമായും അച്ചടക്കമില്ലാതെയും തന്നിഷ്ടപ്രകാരം ഭരണം നടത്തിവരുകയായിരുന്നു. 'അഹങ്കാരത്തിന്റെ മാതൃക'യെന്നാണ് അദ്ദേഹത്തെ പ. പാത്രിയർക്കീസ് ബാവ കല്പനയിലൂടെ വിശേഷിപ്പിച്ചത്.

## അങ്കമാലി പള്ളി മതസൗഹാർദത്തിന് മാതൃക: ശ്രേഷ്ഠ കാതോലിക്കാ ബാവ

അങ്കമാലി: കത്തീഡ്രലായി ഉയർത്തപ്പെടുന്ന അങ്കമാലി സെന്റ് മേരീസ് യോക്കോബായ പള്ളി എക്യുമെനിക്കൽ പ്രസ്ഥാനത്തിനും മതസൗഹാർദത്തിനും മികച്ച സംഭാവന നല്കിയ ഇടവകയാണെന്ന് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ പറഞ്ഞു. ആദ്യകാലത്ത് ക്രൈസ്തവ സിരാകേന്ദ്രമായിരുന്നു അങ്കമാലി. 1876ൽ മുളന്തുരുത്തി മാർ തോമ്മൻ പള്ളിയിൽ നടന്ന മുളന്തുരുത്തി സുനാഹദോസിൽ സംബന്ധിച്ച പ്രധാന ദേവാലയമാണിത്. കൂൻകുരിശ് സത്യം നടത്താൻ നേതൃത്വം നല്കിയ ഇടവകയും അങ്കമാലിയാണ്. ഭാരത ക്രൈസ്തവ സഭയുടെ തുടക്കം മുതലേ അങ്കമാലി എന്ന നാമവും അതിന്റെ ഭാഗമായിരുന്നു. ആയിരം വർഷത്തിലേറെ പഴക്കമുള്ളതും തോൽ കടലാസിൽ എഴുതിയതുമായ വി. വേദപുസ്തകം അമൂല്യനിധിയായി ഈ ദേവാലയത്തിൽ സൂക്ഷിച്ചിരുന്നു. കത്തീഡ്രൽ പ്രഖ്യാപനം 15ന് വിവിധ പരിപാടികളോടെ നടക്കും. പത്രസമ്മേളനത്തിൽ മെത്രാപ്പോലീത്തമാരായ ഡോ. എബ്രഹാം മോർ സേവേറിയോസ്, ഡോ. ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ അപ്രേം, സഭാ മുഖ്യവക്താവ് ഫാ. വർഗീസ് തൈപറമ്പിൽ, ട്രസ്റ്റിമാരായ കെ.പി. ബാബു, ഇ.ടി. ജേക്കബ്, പബ്ലിസിറ്റി കൺവീനർ കെ.ഡി. റോയ്, പി.ടി തോമസ്, കെ.കെ. കുരിയാക്കോസ്, ഷാജി സാമുവൽ, എൽദോ മാത്യു, സി.വൈ. വർഗീസ് എന്നവർ സന്നിഹിതരായിരുന്നു. പരിപാടികളുടെ നടത്തിപ്പിനായി ഫാ. ഇട്ടൂപ്പ് ആലുക്കൽ, ഫാ. വർഗീസ് തൈപറമ്പിൽ, ട്രസ്റ്റിമാരായ കെ.പി. ബാബു, ഇ.ടി. ജേക്കബ്, കൺവീനർമാരായ ജിമ്മി വർഗീസ്, കെ.വൈ. വർഗീസ്, കെ.എം. പൗലോസി, ബേബി പൗലോസ്, ബിജുവർഗീസ്, സാബുസേവ്യർ, കെ.സി. റോയി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

## എഡിറ്റോറിയൽ

# വൃദ്ധരുടെ സംരക്ഷണം

കൊട്ടാര സമാനമായ വീടുകളിൽ ഏകരായി താമസിക്കുന്ന വൃദ്ധമാതാപിതാക്കളുടെ ജീവിതം ദയാനകവും ചിന്തിക്കാൻ കഴിയാത്തതുമാണ്. മക്കൾ പണസമ്പാദനത്തിനും ആഡംബര ജീവിതത്തിനും വിദേശവാസം തെരഞ്ഞെടുക്കുമ്പോൾ പാവം മാതാപിതാക്കാൾ വലഞ്ഞതുതന്നെ. വാർദ്ധക്യം ശാപമായി കരുതുന്നവരുടെ എണ്ണം വർദ്ധിച്ചുവരുമ്പോൾ തന്നെ വൃദ്ധരുടെ എണ്ണം ശരാശരിയേക്കാൾ ഏറെ മുമ്പിലാണ്. നല്ല ആരോഗ്യ പരിപാലനവും ആധുനിക സാമൂഹ്യ രംഗങ്ങളും വൃദ്ധരുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നെങ്കിലും ജീവിതസാഹചര്യം കഠിനവും കഠോരവുമാണ്. പലരും വൃദ്ധസദനത്തെ അഭയം തേടുന്നു. ഒരു കാലത്ത് കുഞ്ഞിക്കാലു സ്വപ്നം കണ്ടവർ ഇന്ന് മക്കളുടെ സാമീപ്യം സ്വപ്നം കാണുകയാണ്. ഇന്ത്യയിൽ ജനസംഖ്യയുടെ 8% വൃദ്ധരാണ്. ഒരു കാലത്ത് നരച്ച മുടി ആദരവിന്റെ, മാനത്തിന്റെ ലക്ഷണമായിരുന്നെങ്കിൽ ഇന്നത് പുച്ഛത്തിന്റെ ലക്ഷണമാണ്. വാർദ്ധക്യത്തെ അർത്ഥപൂർണ്ണവും പ്രത്യാശാപൂർണ്ണവും സന്തോഷപ്രദവുമാക്കാൻ സഭക്കും സമൂഹത്തിനും സഭാശുശ്രൂഷകർക്കും വലിയ പങ്കുവഹിക്കാൻ കഴിയും. വൃദ്ധസദനങ്ങളുണ്ടാക്കി പണം സമ്പാദിക്കുന്നതിലും സഹാനുഭൂതി കാണിക്കുന്നതിലുമല്ല സഭ ശ്രദ്ധിക്കേണ്ടത്. ആരോഗ്യപരമായ പ്രായോഗികമായ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകണം. യുവതലമുറക്ക് Moral Education നല്കാൻ വൈദീകർക്കും കഴിയും. പണത്തേക്കാൾ വലിയ മൂല്യങ്ങൾ ഉണ്ടെന്ന അവബോധം സൃഷ്ടിക്കാൻ, ആവശ്യത്തിനു പണവും കാവലിനു ഗൂർഖയും അൾസേഷൻ നായും പാചകത്തിനും ശുചീകരണത്തിനും കൂട്ടിനുകിടക്കാനും ഹോംനേഴ്സുകളും നല്കുന്നില്ലേ പിന്നെന്തു വേണം എന്നു ചോദിക്കുന്ന മക്കൾ ഒന്നിരുന്നു ചിന്തിക്കുന്നതു നന്നായിരിക്കും. ഈ മക്കളെ ഈ മാതാപിതാക്കൾ പലഘട്ടങ്ങളിലൂടെ വാർത്തെടുത്തവരും വളർത്തിയെടുത്തുവരുമാണ്. അന്ന് ഈ അവഗണന കാണിച്ചിരുന്നെങ്കിൽ ഇന്ന് ഇഴഞ്ഞ് നാറ്റംവെച്ചു നടക്കുമായിരുന്നു. എഴുത്തും വായനയും പഠിപ്പിച്ചില്ലായിരുന്നെങ്കിൽ ഡോക്ടറും എഞ്ചിനീയറും മാനേജരും ആകുകയില്ലായിരുന്നു.

ഇതേപോലെതന്നെ വൃദ്ധരും തങ്ങളുടെ ജീവിതഘട്ടത്തേയും ആളത്വത്തേയും സ്വയം തിരിച്ചറിയണം. നിരാശയിൽ നിന്ന് പ്രത്യാശയും അവഗണനയിൽ നിന്നു പരിഗണനയും വെറുപ്പിനു പകരം സ്നേഹവും ജീവിതപാഠമാക്കണം. മറ്റുള്ളവരേയും അവരുടെ പ്രശ്നങ്ങളേയും ഉൾക്കൊള്ളാൻ തയ്യാറാകണം. തങ്ങളുടെ ശാരീരികവും മാനസികവുമായ തളർച്ച തിരിച്ചറിയണം. പരസഹായ ബോധവും ദൈവാശ്രയവും ആദ്ധ്യാത്മിക ബോധവും വൃദ്ധർ ജീവിതക്രമത്തിൽ സന്നിവേശിപ്പിക്കണം. ആത്മാഭിമാനവും ദുരഭിമാനവും കുറേശ്ശെ ഇല്ലാതാക്കണം. തങ്ങളെക്കുറിച്ചുള്ള മതിപ്പും തനിക്കു ലഭിച്ചിരുന്ന അംഗീകാരവും വർദ്ധിപ്പിക്കുവാനല്ലാതെ ഇല്ലാതാക്കുന്ന പ്രവണതകളിൽ നിന്നൊഴിയണം. കൂടുതൽ മാധുര്യത്തോടെ സംസാരിക്കുക സംസ്കാരസമ്പന്നമായി പെരുമാറുക കൂടുതൽ ആളുകളുമായി നല്ല ബന്ധവും നല്ല സംഭാഷണത്തിലും മുഴുകുക ആത്മീയകാര്യങ്ങളിൽ പിൻതലമുറക്കാർക്ക് നല്ല രക്ഷാകതൃത്വം നല്കുക, നല്ല സംസ്കാരം നല്ല ചിന്തകൾ, വായന, സുവിശേഷ പ്രവർത്തനങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാമൂഹ്യ പ്രവർത്തനങ്ങൾ, ഇവയിൽ പങ്കാളിളാകുക പരിമിതികളിൽ ബോധ്യതയുണ്ടാക്കുക സഹനത്തോടെ പെരുമാറുക.

മക്കൾ തങ്ങളെ വളർത്തി വലുതാക്കി പ്രാപ്തരാക്കിയ മാതാപിതാക്കളെ പരിഗണിക്കുകയും സ്നേഹവായ്പയോടെ പെരുമാറുകയും മൂല്യങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുകയുംവേണം. സംസാരിക്കാനും ഉപദേശം തേടാനും അവരിൽനിന്ന് പ്രായോഗിക പരിജ്ഞാനം സമ്പാദിക്കാനും ശ്രദ്ധിക്കുക. ഇരുകൂട്ടരും ക്രിയാത്മകമായി പൊരുത്തപ്പെട്ടു പോകാൻ പരിശ്രമിക്കുക. അപ്പോൾ പ്രശ്നങ്ങൾ ലഘൂകരിക്കപ്പെടും സന്തോഷവും ഉല്ലാസവും സമാധാനവും എല്ലാവരിലും സംജാതമാകും. പരസ്പരം ബഹുമാനിക്കുക. കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന തലമുറകളിൽ പ്രശ്നങ്ങൾകുറയും.

**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**




ചോദ്യം: മൂടുപടമിടുന്നതിനെക്കുറിച്ച് എന്തുപറയുന്നു മാഷേ?

ഉത്തരം: ക്രിസ്തുവിന്റെ തല ദൈവം എന്ന് നിങ്ങൾ അറിയണം. സ്ത്രീയുടെ തല പുരുഷൻ. മൂടുപടം ഇട്ട് പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസുമാകയാൽ മൂടുപടം ഇടേണ്ടതില്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്.

# മലങ്കരയിലെ പ്രഥമ മൂറോൻ കൂദാശ

ഷെവ: പി.കെ. പൗലോസ് കൂരൻ

(മലങ്കരയിൽ പ്രഥമ മൂറോൻ കൂദാശ നടത്തിയത്, പ: അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് തൃദീയൻ ബാവ ആണ്. 1876ൽ പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ദിവസമായ ആഗസ്റ്റ് 27 ഞായറാഴ്ച മുളംന്തുരുത്തി മർത്തോമൻ പള്ളിയിൽവച്ചാണ് വി. മൂറോൻ കൂദാശ നടത്തിയത്. വിവിധ കാലങ്ങളിൽ പ: അന്ത്യോഖ്യാ പ്രതിനിധികൾ ആയി വന്നിട്ടുള്ള പിതാക്കന്മാർ വഴി ലഭിച്ചിരുന്ന വി. മൂറോൻ ആയിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത്. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ, കീഴ്നടപടികൾക്കും ചട്ടക്കെട്ടുകൾക്കും വിധേയമായി സൈത്ത് ചേർത്തു വി: മൂറോൻ വർദ്ധിപ്പിച്ചും ഉപയോഗിച്ചിരുന്നു.

മലങ്കരയിലെ വി. മൂറോൻ ദൗർലഭ്യം പ: പത്രോസ് തൃദീയൻ പാത്രിയർക്കീസ് ബാവ തന്റെ ശ്ലൈഹീക സന്ദർശനവേളയിൽ മനസ്സിലാക്കി. ഇത് പ: പിതാവിന്റെ 1877 മകരം 15ലെ കല്പനയിൽ വ്യക്തമാക്കിയിട്ടുണ്ട്. "... നാം മലയാളത്തിൽ എത്തിയപ്പോൾ ചൊവ്വുള്ളവരും ചൊവ്വില്ലാത്തവരുമായ കശീശന്മാർ മൂറോൻ ഒഴിഞ്ഞ കുപ്പിയിൽ ചെറിയ കോലിട്ടെടുത്ത് മൂറോൻ എന്ന പേരു പറഞ്ഞ് മാമോദീസാ മുഴുകുന്ന പൈതലിന്റെ മുഖത്തു സ്ലീബാവരച്ച് കൊണ്ട് പൈതങ്ങളെ മാമോദീസാ മുക്കുന്നതായി നാം കണ്ടു..." ഇത് കൊണ്ടാണ് പ: പിതാവ് ഇവിടെ വച്ച് വി. മൂറോൻ കൂദാശ നടത്തിയത്.

ഏറെ നാളത്തെ ആലോചനക്കും തയ്യാറാടുപ്പെടുകൾക്കും ശേഷം ആണ് വി. മൂറോൻ കൂദാശ നടത്തിയത്. മൂറോൻ കൂദാശക്ക് ഇവിടെ ലഭ്യമല്ലാതിരുന്ന വസ്തുക്കൾ പ: പിതാവ് തന്റെ സ്നേഹിതൻ ഓവീദ് ദോസ്, ഈഗുപ്തായ പാത്രിയർക്കീസ് എന്നിവർ വഴി വിദേശത്തു നിന്നു വരുത്തുകയായിരുന്നു.

മൂറോൻ കൂദാശ സംബന്ധിച്ച പള്ളികൾക്കും മറ്റും അറിയിപ്പ് നല്കിയത് പ: പിതാവിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ചാത്തുരുത്തിൽ ഗിവറുഗ്ഗീസ് റമ്പാനായിരുന്നു. അതു താഴെ ചേർക്കുന്നു. "ശുദ്ധ മൂറോൻ കൂദാശ ഈ പള്ളിയിൽ വച്ചു ചിങ്ങം 15ന് ഞായറാഴ്ച കഴിക്കണമെന്നും, വിവരം പള്ളിക്കാരെ അറിയിക്കണമെന്നും വിശുദ്ധ പിതാവ് കല്പ്പിച്ചിരിക്കുന്നു. കൂദാശക്ക് എല്ലാ ജനങ്ങളെയും കൂടി സംബന്ധപ്പെട്ടു വാഴ്വ് കൈക്കൊള്ളുന്നത് കൂടാതെ ജനങ്ങൾ താന്താങ്ങളുടെ യഥാശക്തിപ്രകാരം കൈമുത്ത് വയ്ക്കുകയും പതിവാണ്. നിങ്ങളും ഒരുങ്ങപ്പെട്ടുവന്ന് ചേർന്നുകൊള്ളണം. വിശേഷിച്ചും കൂദാശക്ക് 12 ധൂപകുറ്റി വേണ്ടപ്പെട്ടിരിക്കുന്നതിനാൽ ആ പള്ളിയിലെ വെള്ളിധൂപക്കുറ്റി ശനിയാഴ്ച അസ്തമിക്കുമ്പോഴെക്ക് ഇവിടെ എത്തിക്കുന്നത് കൂടാതെ പട്ടക്കാരു ശെമ്മാശന്മാരു മുതൽ പേർക്ക് കാപ്പ മുതലായ സ്ഥാന ഉടുപ്പുകൾ കൂടി ഉണ്ടായിരിക്കുകയും വേണം എന്ന കല്പനപടി ദയറായ ഗിവറുഗീസ് 1876 കർക്കിടകം 31 ന് മുളംന്തുരുത്തി പള്ളിയിൽ നിന്നും.

മൂറോൻ കൂദാശയുടെ ദൃക്സാക്ഷി വിവരണം താഴെ ചേർക്കുന്നു. വിവരണം പൂർണ്ണവും കൂദാശക്രമങ്ങൾ എല്ലാം വിശദമായിട്ടു ഉള്ളതല്ലായെങ്കിലും സഭയെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട ഒരു രേഖതന്നെയാണ് ഈ ദൃക്സാക്ഷി വിവരണം!

**ദൃക്സാക്ഷി വിവരണം**

മൂറോൻ കൂദാശക്ക് മുമ്പ് 13-ാം തീയതി വെള്ളിയാഴ്ച മാർ ഗ്രീഗോറിയോസ് ബാവ കുറുബാന ചൊല്ലി... ബസ്മൽക്കായ്ക്ക് ശേഷം വിശുദ്ധ പിതാവും, ഗ്രീഗോറിയോസ് ബാവയും ശേഷം റമ്പാന്മാരും പട്ടക്കാരും മുതലായവരൊക്കെയും അവരവരുടെ സ്ഥാന ഉടുപ്പാകുന്ന കാപ്പ മുതലായത് ധരിച്ചുകൊണ്ട്, കൊട കുരിശ്, ധൂമകുറ്റി, മറുവഹാസ മുതലായത് എടുത്ത് രണ്ട് പത്തിയായിട്ടും അണിനിരയായിട്ടും പള്ളിയിൽ നിന്നും വടക്കേ വാതിൽ കടന്ന് ഇറങ്ങി വാതുക്കൽ പുറത്ത് വച്ച് വിശുദ്ധ പിതാവാകുന്ന മാറാൻ പാത്രിയർക്കീസ് ബാവ ഏവൻ ഗോലിയോൻ വായിച്ചു. പിന്നീട് അവിടെ നിന്നും പുറപ്പെട്ട് പടിഞ്ഞാറെ വാതുക്കൽ പുറത്തുനിന്ന് അനുവാദത്തോടുകൂടി ഗ്രീഗോറിയോസ് ബാവ ഏവൻ ഗോലിയോൻ വായിച്ചു. പിന്നീട് മേൽപ്പറഞ്ഞ പ്രകാരം തെക്കേ വാതിക്കൽ വച്ചും ഏവൻ ഗോലിയോൻ വായിച്ചു. പള്ളി അകത്ത് പ്രവേശിച്ച് മൂറോന്നായി ഏനപ്പെടുത്തി വച്ചിരിക്കുന്ന സ്ഥലത്ത് ധൂപം വച്ച് അതിന്റെ ശേഷം കുറുബാന ചൊല്ലി തികച്ചത്. ഈ പ്രദക്ഷിണത്തിൽ വിശേഷമായ സംഗീതങ്ങൾ ചൊല്ലി അത്രെ പ്രദക്ഷിണം ചെയ്തത്.

പിന്നീട് 14-ാം തീയതി ശനിയാഴ്ചയും മേൽപ്രകാരം കുറുബാനയുടെ പാതിയിൽ പുറപ്പെട്ട് പ്രദിക്ഷണം വച്ചു. അതിന്റെ ശേഷം കുറുബാനയിൽ തികച്ചു.

15-ാം തീയതി ഞായറാഴ്ച പുലർച്ചയിൽ നമസ്ക്കാരം കഴിഞ്ഞ ശേഷം മാർ ഗ്രീഗോറിയേസ് ബാവയും പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായും റമ്പാന്മാരും, പട്ടക്കാരും, ശെമ്മാശന്മാർ മുതൽ ആയവരും ഏറിയ ജനകൂട്ടവും കൂടി. പട്ടക്കാരും, ബാവയും മെത്രാച്ചനും ശെമ്മാശന്മാരും, അവരവരുടെ സ്ഥാനഉടുപ്പോടുകൂടി ധൂമകുറ്റി മറുവഹാസ, കുട, കുരിശ് മുതലായതോടു കൂടി 13-ാം തീയതി വെള്ളിയാഴ്ച ചുറ്റിയപ്രകാരം പള്ളിക്ക് പ്രദക്ഷിണം വച്ച് മൂന്ന് വാതിലിന് പുറത്തുനിന്നും ഏവൻ ഗോലിയോൽ വായിച്ചു. പള്ളിയകത്ത് പ്രവേശിച്ച് പിന്നെയും ഏറെനേരം സൂഗിസാകളും, കോലാകളും ബാവൂസാകളും ചൊല്ലി. പഴമയും പുതുമയും വായിച്ചു അതിന്റെ ശേഷം വിശുദ്ധ മാറാൻ പാത്രിയർക്കീസ് ബാവ കാപ്പ മുതലായ സ്ഥാനഉടുപ്പുകൾ ഇട്ട്, വാരി

# കൈ നനയാതെ മീൻ പിടിക്കുന്നവർ

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ജീവിതത്തിലെ ദുഃഖദുരിതങ്ങളെ "കുരിശുകൾ" എന്ന് വിളിക്കുന്നത് ഒരു ഭാഷാപ്രയോഗമായി തീർന്നിട്ടുണ്ട്. "വിളിക്കപ്പെട്ടവരുടെ കുരിശ്" (ബൈബിൾ വെളിച്ചത്തിൽ കവചം) എന്നുള്ള കെ.പി. അപ്പന്റെ പ്രയോഗം ഓർമ്മിക്കുക. ജീവിതത്തിൽ കുരിശുകൾ വഹിക്കാത്തവർ ചുരുക്കം. ജീവിതം കയ്പും മധുരവും നിറഞ്ഞതാണെന്ന് ആർക്കാണറിയാത്തത്? വിജയത്തിന്റെ ഗിരിശൃംഗത്തിൽ കാലൂന്നണമെങ്കിൽ കഠിനാദ്ധ്വാനത്തിന്റെ ചെങ്കുത്തായ വഴിയിലൂടെ സഞ്ചരിക്കണം. കയ്പറിയാത്തവന് മധുരം തിരിച്ചറിയാനാവില്ല. അതുകൊണ്ടായിരിക്കാം ആംഗലേയ കവി പി.ബി. ഷെല്ലി ഇങ്ങനെ പാടിയത്: "Our sweetest songs are those that tell of saddest thought." (നമ്മുടെ ഏറ്റവും സുന്ദരമായ ഗാനങ്ങൾ തീവ്ര ദുഃഖചിന്തകളെ കുറിച്ചുള്ളതായിരിക്കും). നമ്മുടെ വലിയ സന്തോഷങ്ങൾക്കും വിജയങ്ങൾക്കും പുറകിൽ വേദനയും കുരിശുമുണ്ട് എന്നാണ് കവി സൂചിപ്പിക്കുന്നത്. ലോകം അംഗീകരിക്കുന്ന ഒരു സാമാന്യ തത്വമാണിത്. പക്ഷേ, ഇന്ന് കാര്യങ്ങൾ ആകെ മാറിയിരിക്കുന്നു. ഈ സാമാന്യ തത്വത്തെ അംഗീകരിക്കുകയും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുന്നവർ ധാരാളമുണ്ട്. എന്നിരുന്നാലും സഹനങ്ങളില്ലാതെ അനായാസം കാര്യങ്ങൾ ചെയ്യാനാണ് പുതുതലമുറയ്ക്കിഷ്ടം. അവർക്ക് കൈ നനയാതെ മീൻ പിടിക്കണം. മുള്ളില്ലാത്ത റോസാച്ചെടിയാണ് അവരുടെ സ്വപ്നങ്ങളിൽ നിറഞ്ഞു നില്ക്കുന്നത്. വിതയ്ക്കാത്തത് കൊയ്യാനാണ് അവരുടെ ശ്രമം. "മൂല്യങ്ങളുടെ കുഴമറിച്ചിൽ" എന്നാണ് ഗുരു നിത്യചൈതന്യയതി ഇതിനെ വിശേഷിപ്പിക്കുന്നക്. ദൈവഭയവും സാംസ്കാരിക പാരമ്പര്യങ്ങളുമുള്ള സമൂഹത്തിൽ നിലനിന്നിരുന്ന സനാതനമൂല്യങ്ങൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിരിക്കുന്നു.

ഒരു സുഹൃത്തിന്റെ മെയിലിന്റെ ഒപ്പം വന്ന 'Powerpoint Presentation' ഇപ്രകാരമായിരുന്നു.

കുറച്ചുപേർ ഓരോ കുരിശുമായി യാത്ര ചെയ്യുന്നു. നല്ല ഭാരമുണ്ടായിരുന്നിരിക്കണം അവരുടെ കുരിശുകൾക്ക്, തേങ്ങിത്തേങ്ങിയാണ് അവർ നടന്നിരുന്നത്. ഒരുവൻ ചിന്തിച്ചു. ഞാനെന്തിനീ ഭാരമുള്ള കുരിശു ചുമക്കണം? കുരിശായാൽ പോരെ? ഇത്ര വലിപ്പം വേണോ? അയാളൊരു വാക്കത്തിയെടുത്ത് കുരിശു മുറിച്ച് അതിന്റെ നീളം കുറച്ചു. ഹോ! ആശ്വാസമായി. കുരിശിന്റെ ഭാരം കുറഞ്ഞു. ഇപ്പോൾ ചുമക്കാൻ എന്തെളുപ്പം. അയാൾ ചുറ്റുമുള്ളവരെ നോക്കി. പാവങ്ങൾ വെറുതെ വലിയ കുരിശും ചുമന്ന് നടക്കുന്നു. കുരിശു യാത്ര തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ വഴി കുറുകെ രണ്ടായി പിളർന്നിരിക്കുന്നു. അഗാധമായ ഗർത്തം ഉള്ളതിനാൽ അപ്പുറത്തേയ്ക്ക് കടക്കുവാൻ നിവർത്തിയില്ല. ബാക്കിയുള്ളവർ അവരുടെ കുരിശ് ഗർത്തത്തിന് മുകളിൽ വച്ച് കുരിശിൻമുകളിൽ ചവിട്ടി അപ്പുറത്തു കടന്ന് കുരിശെടുത്ത് യാത്ര തുടർന്നു. കുരിശിന്റെ നീളം കുറച്ചവന് അത് സാധിച്ചില്ല. അപ്പോ

---

കൊണ്ട് കെട്ടി ഉണ്ടാക്കിയ വെള്ളശീലകൾ കൊണ്ട് ചുറ്റും മറച്ചിരുന്ന – കുബസാ എന്ന് പേരാകുന്നതിന്റെ ഉള്ളിൽ ചെറിയ ഒരു കുപ്പിയിൽ ശുദ്ധമൂറോന്റെ സൈത്തും എടുത്തു ശുദ്ധ മാറാൻ പാത്രിയർക്കീസ് ബാവ കയറി നിന്നു. അതിനെ പട്ടക്കാരു ക്രമമായി എടുത്തു. ഗ്രീഗോറിയോസ് ബാവയും, ദിവന്നാസ്യോസു മെത്രാപ്പോലീത്തായും മുമ്പിൽ ധൂപകുറ്റി ആയിട്ടും, ഈ കുബസയുടെ മേലിൽ ശെമ്മാശന്മാർ 12 മറുവഹാസ പിടിച്ചും പട്ടക്കാരു മെഴുകുതിരി കത്തിച്ച് പിടിച്ചും, സ്ലീബായും ഏവൻ ഗേലിയോൻ പുസ്തകവും എടുത്ത് പന്തികളായിട്ടും, നിരകളായിട്ടും, ക്രമമായിട്ടും ശുദ്ധമാറാൻ പാത്രിയർക്കീസ് ബാവയുടെ കുബസാക്ക് ചുറ്റിനിന്നു. മദ്ബഹായിൽ നിന്ന് പുറപ്പെട്ട് വടക്കേ വാതിൽ കടന്ന് പള്ളിക്ക് പ്രദിക്ഷണം വച്ച് തെക്കേ വാതുക്കൽ കൂടി പ്രവേശിച്ച് മദ്ബഹായിലേക്ക് ശുദ്ധമാറാൻ പാത്രിയർക്കീസ് ബാവ കയ്യിൽ ഇരുന്ന ചെറിയ കുപ്പിയിലെ ശുദ്ധ മൂറോനും ശേഷം ഉണ്ടായിരുന്ന വല്യ കുപ്പിയും ത്രോനൊസിന്മേൽ എടുത്തുവച്ചു. പിന്നെയും കൂദാശക്കുള്ള ക്രമങ്ങൾ തുടങ്ങി. ഏറിയ ബാവുസാകളും കോലാകളും ഗ്ലീഹാകളും ഏവൻ ഗേലിയോനും മറ്റും ചൊല്ലി കഴിഞ്ഞശേഷം പിന്നെയും വിശുദ്ധ മാറാൻ പാത്രിയർക്കീസ് ബാവ മുമ്പിലെത്തെ ചെറിയ കുപ്പിയിലെ മൂറോൻ എടുത്ത് കൊണ്ട് അവിടെനിന്നും എറങ്ങി പള്ളിയുടെ നടയിൽ വച്ചിരുന്ന സിംഹാസനത്തിൽ കയറിനിന്ന് കിഴക്കും, പടിഞ്ഞാറും, തെക്കും, വടക്കും തിരിഞ്ഞ് ചില ചൊല്ലലുകൾ ചൊല്ലി. അവിടെനിന്നും ഇറങ്ങി തിരികെ മദ്ബഹയിൽ വന്ന് ത്രോനൊസിന്മേൽ കുപ്പിവച്ച് ഏറിയ സംഗീതങ്ങൾ ചൊല്ലിശേഷം സ്ലീബാ എടുത്തു ശുദ്ധ മൂറോനെ വാഴ്ത്തി. പിന്നീട് ഈ കഴിച്ചതിന്റെ ക്രമങ്ങളുടെ വിവരവും ശുദ്ധമൂറോന്റെ വലിപ്പവും ജനത്തോടു അറിയിപ്പാൻ കല്പിച്ചു. ആയതു അറിയിച്ചു കഴിഞ്ഞതിന്റെ ശേഷം മാറാൻ പാത്രിയർക്കീസ് ബാവ കുറുബാനയിൽ തുടങ്ങി. കഴിഞ്ഞശേഷം കൂദാശ ചെയ്യാതെ എടുത്തുവച്ചിരുന്ന സൈത്തിൽനിന്നും ജനത്തെ പൂശുവാൻ കല്പിച്ചു. അതിന്റെ ശേഷം ജനമൊക്കയും വഴിപാടിട്ടു 160 രൂപാ വരെ ഉണ്ടായിരുന്നു. ആ രൂപാ മുഴുവനും ശുദ്ധ മാറാൻ പാത്രിയർക്കീസ് ബാവയുടെ അവകാശം ആയിരുന്നതിനാൽ അദ്ദേഹത്തിന് കൊടുക്കുകയും ചെയ്തു. ഈ ശുദ്ധ മൂറോൻ കൂദാശക്ക് തെക്ക് നിന്നും വടക്കുനിന്നുമായി ഏകദേശം 500ൽ അധികം പട്ടക്കാരും, 4000ൽ അധികം ജനങ്ങളും വന്നുകൂടിയിട്ടുണ്ടായിരുന്നു.

ഴാണ് കുരിശ് മുറിച്ചത് അബദ്ധമായെന്ന് അയാൾക്ക് മനസ്സിലായത്. ഈ ദൃശ്യാവതരണം നമ്മുടെ മനസ്സിലുണർത്തുന്ന ചിന്തകളെന്താണ്?

ജീവിത പ്രതിസന്ധികൾക്കും സഹനങ്ങൾക്കും യാതൊരു വിലയും കല്പിക്കാത്ത പുതിയൊരു സംസ്കാരത്തിന്റെ പ്രതീകമാണ് കുരിശു മുറിച്ച ആ മനുഷ്യൻ. മുൾച്ചെടികൾക്കിടയിൽ വീണ വിത്തിനെപ്പോലെയാണയാൾ! നന്മ ചെയ്യാൻ ആഗ്രഹിച്ച മനുഷ്യൻ. കുരിശു വഹിക്കാൻ തയ്യാറെടുത്തവൻ. പക്ഷേ, പ്രലോഭനങ്ങളുടെ മായാലോകം അയാളിലെ വചനത്തെ ഞെരുക്കിക്കളയുന്നു. ജീവിതത്തിലെ കുരിശുകൾക്കും സഹനങ്ങൾക്കും ദൈവത്തിന്റെ മുമ്പിൽ വിലയുണ്ടെന്ന ബോദ്ധ്യം അയാളുടെ ഹൃദയവയലിൽ ഇനിയും തളിർത്തിട്ടില്ല. ഈ പശ്ചാത്തലത്തിലേക്ക് യേശു പഠിപ്പിച്ച ഗോതമ്പുമണിയുടെ (യോഹന്നാൻ 12:24) അലങ്കാര സുന്ദരമായ ഉദാഹരണം നമുക്ക് ചേർത്തുവയ്ക്കാം. ഗോതമ്പുമണി നിലത്തു വീണ് അഴിയണം എന്നാണ് യേശു മൊഴിഞ്ഞത്. ഓരോ ഗോതമ്പുമണിക്കും പുതിയൊരു ജീവൻ നല്കാനുള്ള സാദ്ധ്യതയുണ്ട്. ഈ സാദ്ധ്യത നിരസിക്കുമ്പോൾ ഗോതമ്പുമണിയുടെ അസ്തിത്വം മാറ്റമില്ലാതെ തുടരും. എന്നാൽ മനോജ്ഞമായ ആ ധ്യാനമണി അതിന്റെ സ്വർണ്ണവർണ്ണം മണ്ണിൽ ഉപേക്ഷിക്കുമ്പോൾ തളിർത്തുവരുന്നത് പുതിയൊരു ജീവനായിരിക്കും. വേദനയോടെയാണ് ആ ഗോതമ്പുമണി അതിന്റെ ജീവൻ മണ്ണിലുപേക്ഷിക്കുന്നത്. അതിന് ആ ഗോതമ്പുമണിയെ പ്രേരിപ്പിക്കുന്നത് സ്നേഹമാണ്. സ്നേഹത്തിന്റെ മറ്റൊരു രൂപമാണ് സഹനം. സഹനത്തിന് ദൈവത്തിന്റെ മുമ്പിൽ വലിയൊരു സ്ഥാനമുണ്ട്. സ്നേഹിക്കുന്നവർക്കുവേണ്ടി നാം ചിലപ്പോൾ സഹിക്കേണ്ടി വരും. എന്നിരുന്നാലും പലപ്പോഴും സഹനങ്ങളിൽ നിന്നും ഒഴിവാകാനുള്ള പ്രവണത മനുഷ്യസഹജമാണ്. എന്തിനേറെ വി. പത്രോസുപോലും മതപീഢനത്തിൽനിന്നും രക്ഷപെടാൻ ശ്രമിച്ചു എന്ന് ഐതിഹ്യം സൂചിപ്പിക്കുന്നു. റോമിൽ നിന്നും രക്ഷപ്പെട്ടുപോകുന്ന പത്രോസ് റോമിലേക്ക് പോകുന്ന യേശുവിനെ കണ്ടപ്പോൾ ചോദിച്ചു: Quo Vadis Domine (കർത്താവേ നീ എവിടെപ്പോകുന്നു?) ഞാൻ വീണ്ടും ബലിയാടാകാൻ പോകുന്നു എന്ന യേശുവിന്റെ മറുപടിയാണ് പത്രോസിന് നേർക്കാഴ്ച നല്കുന്നത്. പിന്നീടുള്ള പത്രോസിന്റെ ജീവിതവും ധീരമരണവും നമുക്കറിയാം. സഹനത്തിന്റെ അർത്ഥവും മൂല്യവും മനസ്സിലാക്കിയ പത്രോസ് രക്തം ചിന്തി മരിക്കുന്നു.

ജീവിതത്തിലെ കുരിശുകൾ വഹിക്കാതെ സ്വർഗ്ഗത്തിലേക്ക് കടക്കാൻ ശ്രമിച്ചാൽ അവിടേയും കുരിശു ചുമക്കേണ്ടി വരും എന്നു സൂചിപ്പിക്കുന്ന ഒരു നർമ്മകഥ Andrews Maria തന്റെ 'Pearls of Wosdom' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഒരാൾ മരിച്ച് അയാളുടെ ആത്മാവ് സ്വർഗ്ഗകവാടത്തിൽ എത്തി. മാലാഖ പറഞ്ഞു: ഞാൻ നിന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നതിന് മുമ്പ് ആ കാണുന്ന കുരിശുകൾ നീ ഇവിടെ നിന്നും അപ്പുറത്തെ മലയിലേക്ക് വഹിക്കണം. അയാൾ അത്ഭുതപ്പെട്ടു. സ്വർഗ്ഗത്തിലും കുരിശോ? എങ്കിലും അയാൾ കുരിശുകൾ ചുമക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അയാൾ മാലാഖയോട് പറഞ്ഞു: ഞാൻ ഭൂമിയിൽ നന്നായി ജീവിച്ച വ്യക്തിയാണ്. പിന്നെ എന്തിനാണ് ഞാൻ ഇവിടെ വീണ്ടും കുരിശു വഹിക്കുന്നത്? കുറച്ചു കുരിശുകൾ ചൂണ്ടിക്കൊണ്ട് മാലാഖ പറഞ്ഞു. ഈ കുരിശുകൾ നീ ജീവിതത്തിൽ പരാതിയുമായി വഹിച്ചതാണ്. അത് യഥാർത്ഥ കുരിശുയാത്ര ആയിരുന്നില്ല. അതിനാൽ ഈ കുരിശുകൾ മുഴുവൻ ചുമന്നാലേ നിനക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കൂ. ജീവിതത്തിലുണ്ടാകുന്ന വേദനയിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണേയെന്ന് നമുക്ക് തമ്പുരാനോട് പ്രാർത്ഥിക്കാം. എങ്കിലും ആ പ്രാർത്ഥനയിലും ദൈവഹിതം നിറവേറാൻ നാം ആഗ്രഹിക്കണം. എല്ലാ സഹനങ്ങളേയും ഒരുപക്ഷേ നമുക്ക് ഒഴിവാക്കാനാകില്ല. ആകസ്മികരണങ്ങൾ, രോഗങ്ങൾ, അപകടങ്ങൾ ഇവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഈ ലോകജീവിതത്തിന്റെ നശ്വരതെയാണ് അവ നമ്മെ ഓർമ്മപ്പെടുത്തുന്നത്. സഹനങ്ങളെക്കുറിച്ചുള്ള നമ്മുടെ പ്രാർത്ഥനകൾ യാഥാർത്ഥ ബോധത്തോടെയുള്ളതായിരിക്കണം.

●

## കട്ടച്ചിറയിലെ ദൃശ്യങ്ങൾ





ധ്യാനപംക്തി

# കൂദശ് ഈത്തോ

(മത്താ. 16:13-23; യോഹ. 21:15-22; മർക്കോ. 8:27-33)

കൂദശ് ഈത്തോ എന്നതിന്റെ അർത്ഥം സഭയുടെ ശുദ്ധീകരണം അഥവാ പള്ളിയുടെ ശുദ്ധീകരണം എന്നാണ്. കാദേശ് എന്ന സുറിയാനി പദത്തിന് ശുദ്ധീകരിച്ചു എന്ന അർത്ഥമാണ്. അതിൽ നിന്നുള്ള ക്രിയാനാമമാണ് കൂദോശെ. അതായത് ശുദ്ധീകരണം. ആ കൂദോശെ പദം ഈത്തോ എന്ന പദത്തോടു ചേർത്തു സന്ധിചെയ്യുമ്പോൾ കൂദശ് എന്ന ലോപം ഭവിക്കുന്നു. ഈത്തോ എന്ന സുറിയാനി വാക്കിന് ഇംഗ്ലീഷിൽ 'ചർച്ച്' എന്ന പദത്തിനെന്നപോലെ സഭയെന്നും പള്ളിയെന്നും അർത്ഥമാണ്.

പുരാതന മലയാള ഗ്രന്ഥങ്ങളിൽ "ശുദ്ധമാനപള്ളി" എന്ന് വിശുദ്ധ സഭയേക്കുറിച്ചെഴുതിക്കാണുന്നുണ്ട്. എന്നാൽ ആധുനിക ഭാഷയിൽ സഭയെന്ന് പൊതു അർത്ഥത്തിലും, പള്ളിയെന്നതിന് ക്രിസ്ത്യാനികളുടെ ആരാധനാസ്ഥലത്തെ ഉദ്ദേശിച്ചും മാത്രമെ പറയാറുള്ളു.

കൂദശ് ഈത്തോ കൊണ്ടുദ്ദേശിക്കുന്നത് ഇന്ന് പള്ളിയെന്നോ ദേവാലയമെന്നോ അർത്ഥമാക്കുന്ന പ്രത്യേക സ്ഥലത്തിന്റെ ശുദ്ധീകരണമല്ല, വിശ്വാസികളുടെ കൂട്ടമാകുന്ന സഭയുടെ ശുദ്ധീകരണമാണ്. അതിന്റെ ശുദ്ധീകരണമുണ്ടാകണമെങ്കിൽ സഭയിലെ അംഗങ്ങളാകുന്ന വിശ്വാസികൾ സ്വയം ശുദ്ധീകരിക്കയും ഒരു പുനഃപ്രതിഷ്ഠ ചെയ്കുയും വേണം. ഈ അവസരത്തിൽ ഓരോ വിശ്വാസിയും സ്വയം പരിശോധന ചെയ്ത് പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം പ്രാപിച്ച് വിശുദ്ധ കുർബാന അനുഭവിച്ച് സ്വയം ദൈവത്തിനായി സമർപ്പിക്കണം.

സഭ സത്യവിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതും പാതാളവാതിലുകൾ അതിനോടു ബലം ചെയ്യാത്തതുമാണ്.

കർത്താവ് തന്റെ ശിഷ്യന്മാരോട് ഞാൻ ആരാണെന്നാണ് മനുഷ്യർ പറയുന്നത് എന്ന് ചോദിച്ചു. അവർ, ചിലർ യോഹന്നാൻ സ്നാപകനെന്നും, ചിലർ ഏലിയായെന്നും, ചിലർ ഏറമിയായോ മറ്റു പ്രവാചകന്മാരിലൊരുവനോ ആണെന്നു പറയുന്നുയെന്നറിയിച്ചു. അപ്പോൾ കർത്താവ് അവരോട് 'ഞാനാരാണെന്നാണ് നിങ്ങൾ പറയുന്നത്?' എന്നു ചോദിച്ചു. അതിനു ശെമവോൻ പത്രോസ് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശീഹായാണ്" എന്നുത്തരം പറഞ്ഞു. അവനോട് കർത്താവ്, "ശീമോനെ നീ ഭാഗ്യവാനാണ്. ജഡരക്തങ്ങളല്ല നിനക്കിതു വെളിപ്പെടുത്തിത്തന്നത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ്. ഞാൻ നിന്നോടു പറയുന്നു. നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനോടു ബലം ചെയ്കയില്ല." എന്നിത്യാദി കല്പിച്ചു.

യഹൂദന്മാരിൽ പലരും ജഡത്തിന്റെ കണ്ണുകൾകൊണ്ട് യേശുവിനെ കണ്ടിട്ട് "ഇവൻ തച്ചനായ യൗസേഫിന്റെ മകനല്ലയോ, ഇവനെ നമ്മളറിയുമല്ലോ" എന്നു പറഞ്ഞിട്ടുണ്ട്. ജഡരക്തങ്ങൾക്ക് അതേ കാണാൻ കഴിയൂ. ശീമോൻ പത്രോസ് യേശുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായായി കണ്ടത് ജഡത്തിന്റെ കണ്ണുകൾകൊണ്ടല്ല, ദൈവം നല്കിയ ദിവ്യദർശനത്താലാണ്. അതെ, ആത്മീക കണ്ണുകൾകൊണ്ടാണ്, നമുക്ക് ബാഹ്യങ്ങളായ പഞ്ചേന്ദ്രിയങ്ങളുള്ളതുപോലെ ദിവ്യമായ അന്ത്രിന്ദ്യീങ്ങളുമുണ്ട്. അവ ദൈവം തന്റെ ഭക്തന്മാർക്ക് തെളിയിച്ചു കൊടുക്കുമ്പോഴാണ് ദൈവീക രഹസ്യങ്ങളറിവാൻ കഴിയുന്നത്.

നീ പാറയാകുന്നുയെന്നു പറഞ്ഞത് പത്രോസിന്റെ വിശ്വാസത്തിന്റെ ഉറപ്പിനെക്കുറിച്ചായിരുന്നു. ഈ പാറമേൽ ഞാനെന്റെ സഭയെ പണിയുമെന്നു പറഞ്ഞത് ആ ഉറച്ചവിശ്വാസത്തിന്മേൽ എന്നുദ്ദേശിച്ചാണ്, പത്രോസിന്റെ വ്യക്തിത്വത്തിന്മേലെന്നുദ്ദേശിച്ചില്ല. പത്രോസ് ശ്ലീഹന്മാരിൽ തലവനും പ്രധാനിയുമായി പല പ്രാർത്ഥനകളിലും പൂർവ്വീകപിതാക്കന്മാരുടെ കൃതികളിലും കാണുന്നുണ്ട്. സ്വർഗ്ഗത്തിന്റെ താക്കോലുകൾ ഞാൻ നിനക്ക് തരുന്നു, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും ആഴിക്കപ്പെട്ടിരിക്കും, നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കുമെന്ന് പത്രോസിനോടു വ്യക്തിപരമായി പ്രത്യേകാൽ കല്പിച്ചതുകൊണ്ടും, നീ എന്റെ പള്ളാടുകളെ മേയിക്കുക, എന്റെ മുട്ടാടുകളെ മേയിക്കുക, എന്റെ കുട്ടിയാടുകളെ മേയിക്കുക എന്നിങ്ങനെ പ്രത്യേകാൽ ഭരമേല്പിച്ചതുകൊണ്ടും പത്രോസിന് പലരും അപ്പോസ്ഥോലന്മാരിൽ വച്ചു പ്രാധാന്യം കല്പിക്കുന്നുണ്ട്. അങ്ങനെ പത്രോസിനെ തന്നെ അടിസ്ഥാനമാക്കി സഭയെ പണിയുന്നതായി വ്യാഖ്യാനിക്കുന്നവരുമില്ലാതില്ല.

സഭ വിശ്വാസികളുടെ കൂട്ടമാണെന്ന് പറയപ്പെടുന്നു. അത് കരിയിലെ അടിച്ചു കൂട്ടിയതുപോലെയുള്ള നിർജ്ജീവകൂട്ടമല്ല. ഒരു വൃക്ഷത്തിന്റെ തടിയും, ശാഖകളും, ഇലകളും കായും, പൂവും, വേരിൽനിന്നു വളർന്നുവരുന്നതുപോലെയുള്ള ബന്ധമാണ്. "ഞാൻ സാക്ഷാൽ മുന്തിരിയും, നിങ്ങൾ ചില്ലികളുമാകുന്നു." എന്നു പറഞ്ഞതുപോലായാണ്.

ത്രിത്വത്തിൽ സഭ ആരംഭിക്കുന്നു. അതിനെ ഒരു ചെടിയുടെ ചുവട്ടിലുള്ള മൂന്നു കിഴങ്ങുകളോ വേരുകളോ ആയി സങ്കല്പിക്കാം. ആദ്യത്തെ ശാഖ മാലാഖമാരാണ്, രണ്ടാമത്തേത് മനുഷ്യർ. അങ്ങനെ സഭ വളരുകയാണ്. കേടു വരുന്നതിനെ തോട്ടക്കാരൻ ചെത്തിക്കളയുന്നു. മാലാഖമാരുടെ മൂന്നു ഗണങ്ങളും ഒൻപതു വൃന്ദങ്ങളിൽ നിന്നും തെറ്റിപോയവരെ ദൈവം പുറംതള്ളിക്കളഞ്ഞുകൊണ്ട് ശുദ്ധീകരണം നടത്തി.

ഏദൻ തോട്ടത്തിൽ കല്പനലംഘനമുണ്ടായ

പ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരേയും പുറം തള്ളി. സഭയുടെ ശുദ്ധീകരണം എപ്പോഴും ആവർത്തിക്കപ്പെടേണ്ടിയിരിക്കുന്നു. വിശ്വാസ വിപരീതികളേയും, വേദ വിപരീതികളേയും, മറുതലിപ്പുകാരെയും, ശീശ്മക്കാരേയും അനുസരണം കെട്ടവരേയും സഭ എല്ലാ തലമുറകളിലും പുറംതള്ളി ശുദ്ധീകരണം നടത്തിയിട്ടുണ്ട്.

കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരമാണ് സ്വർഗ്ഗത്തിന്റെ താക്കോലുകൾ. ഉയർപ്പിനുശേഷം കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ (യോഹ. 20:19-25) മറ്റു പതിനൊന്നു ശിഷ്യന്മാരിൽ പത്തുപേരുടെമേൽ ഊതി അവർക്ക് പരിശുദ്ധാത്മാവിനെ നല്കി അവരോടും നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കുമെന്നും, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെടുമെന്നും പറഞ്ഞ് അധികാരം നല്കി. ആ അധികാരം ശിഷ്യന്മാർ കൈവെപ്പുമൂലം തുടർന്നു അവരുടെ ശിഷ്യന്മാർക്കും അവർ അവരുടെ ശിഷ്യന്മാർക്കും കൊടുത്തുകൊണ്ടിരുന്നു. അങ്ങനെ പാപം മോചിപ്പാനും നിർത്തുവാനും മനുഷ്യനിൽ തന്നെ അധികാരം ഭാരമേല്പിച്ചു കടന്നുപോയ കർത്താവ് പ്രായോഗികമായ വലിയ സൗകര്യമാണ് ചെയ്തുതന്നിരിക്കുന്നത്. ദൈവം തന്നെ നേരിട്ട് മനുഷ്യർക്ക് പാപമോചനം നല്കയെന്നതായിരുന്നു അന്നുവരെ അറിയപ്പെട്ടിരുന്നത്. ആദ്യമായി ഭൂമിയിൽ വച്ചു മനുഷ്യന് പാപമോചനം നല്കിയത് കർത്താവായിരുന്നു. നാലുപേർ കൂടി ചുമന്നുകൊണ്ടുവന്ന തളർവാതക്കാരനോട് "മകനെ നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു"യെന്നു കർത്താവു പറഞ്ഞത് അന്നുവരെ നിലവിലിരുന്ന പാപമോചന ആശയത്തിന്മേൽ ഒരു വിപ്ലവമായിരുന്നു. അതുവരെ അദൃശ്യനും സ്വർഗ്ഗസ്ഥനുമായ ദൈവത്തിനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴികയില്ലെന്നായിരുന്നു അവരുടെയിടയിലെ ധാരണ.

മറ്റു മതങ്ങളിലെ സ്ഥിതി ഇന്നും അതിൽനിന്ന് വ്യത്യാസപ്പെട്ടിട്ടില്ല. ക്രിസ്തു പാപമോചനം ലഘുവും ക്ഷിപ്രസാദ്ധ്യവും സൗജന്യവും മനുഷ്യമക്കൾക്ക് ചെയ്യാവുന്നതുമാക്കിത്തീർത്തു. പാപത്തേക്കുറിച്ച് മനുഷ്യർക്കുണ്ടായിരുന്ന ധാരണകൾ തിരുത്തിയെഴുതി. പാപമോചനം മനുഷ്യരെ ഭരമേല്പിച്ചില്ലായിരുന്നെങ്കിൽ ഇന്നു നമ്മൾ പാപഭാരത്താൽ എത്ര ക്ലേശിക്കേണ്ടിവരുമായിരുന്നു. എത്ര എളുപ്പം പാപം മോചിക്കാമെന്ന് കർത്താവ് അനേക ഉദാഹരണങ്ങൾ കാണിച്ച് അവരെ പഠിപ്പിച്ചു. ശീമോന്റെ ഭവനത്തിൽ വച്ചു തന്റെ കാലുകളെ കണ്ണുനീരാൽ കഴുകിയവൾക്കും, വ്യഭിചാരക്കുറ്റത്തിൽ പിടിച്ചുകൊണ്ടുവരപ്പെട്ട സ്ത്രീക്കും, നാലുപേർ കൂടി ചുമന്നുകൊണ്ടു വന്ന തളർവാതക്കാരനും, ചുങ്കക്കാരൻ സക്കായിക്കും, വലത്തു ഭാഗത്തെ കള്ളനും എത്ര എളുപ്പം കർത്താവ് പാപം മോചിച്ചുകൊടുത്തു.

നമ്മൾ അന്യോന്യം ക്ഷമിക്കണമെന്നും, അനന്തരം ദൈവത്തോടു മോചനം യാചിക്കണമെന്നും, വിരോധമുള്ളവരോടു നിരപ്പായിട്ടുവന്നു കാഴ്ചയണക്കണമെന്നും കർത്താവ് പഠിപ്പിച്ചു. നമുക്ക് വിരോധമില്ലെങ്കിലും, നമ്മോട് വിരോധമുള്ളവരോടും ചെന്നു നിരപ്പാകണം. തന്നെ കുരിശിൽ തൂക്കിയവരോടു ക്ഷമിക്കണമെ എന്നു താൻ പിതാവിനോട് അപേക്ഷിക്കുന്നു. ഇതിനേക്കാൾ ഉപരിയായ സ്നേഹം, ത്യാഗം, ക്ഷമ ഇവ വേറെയെങ്ങും അന്നുവരെ ലോകം ദർശിച്ചിട്ടില്ലായിരുന്നു. അതിനുശേഷവും ദർശിച്ചുകാണുകയില്ല.

കൂദശ്ഈത്തോയുടെ ഈ അവസരത്തിൽ വ്യക്തികളായും ഇടവകകളായും സഭ മുഴുവനായും അനുതാപത്തിലേക്ക് തിരിഞ്ഞു പശ്ചാതാപത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞു മോചനം പ്രാപിക്കയും മറ്റുള്ളവരോടു ക്ഷമിക്കയും, ഉപദ്രവിക്കുന്നവരെ പോലും സ്നേഹിക്കയും, സത്യവിശ്വസമാകുന്ന പാറമേൽ പാതാള വാതിലുകൾക്ക് ജയിപ്പാൻ പാടില്ലാത്തവണ്ണം ഉറച്ചുനില്ക്കുകയും ഊനവും കളങ്കവുമില്ലാതെ കർത്താവിന്റെ മണവാട്ടിയായി ശുദ്ധീകരിക്കപ്പെടുകയും വേണം. അത് ആണ്ടുതോറും വേണം. അതിനാണ് ഈ ദിവസം ആവർത്തിക്കപ്പെടുന്നത്. അത് നാം പ്രയോജനപ്പെടുത്തണം.

അതിന് ദൈവം തന്റെ കൃപയാൽ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം തന്റെ അദൃശമായ വലത്തു തൃക്കൈ നീട്ടി നിങ്ങളെ വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

## ശ്രേഷ്ഠ കാതോലിക്കാ ബാവാ കട്ടച്ചിറപ്പള്ളിയിൽ പ്രാർത്ഥന നടത്തി

കായംകുളം: മലങ്കര യാക്കോബായാ സുറിയാനി സഭയുടെ തെക്കൻ മണർകാട് എന്നറിയപ്പെടുന്ന മൂന്നാംകുറ്റിയിലുള്ള പരി. ദൈവമാതാവിന്റെ നാമത്തിലുള്ള യാക്കോബായ പള്ളിയിൽ വി. ദൈവമാതാവിന്റെ സുഗന്ധലേപനം ഒഴുകുന്ന ചിത്രത്തിന് മുമ്പിൽ ശ്രേഷ്ഠ ബാവാ തിരുമേനി ധൂപപ്രാർത്ഥന നടത്തി മുട്ടുകുത്തി ധ്യാനത്തിൽ മുഴുകി. 17-ാം അഖണ്ഡപ്രാർത്ഥന ശ്രേഷ്ഠ ബാവാ ഉദ്ഘാടനം ചെയ്തു. വിശുദ്ധ ദൈവമാതാവിന്റെ ചിത്രത്തിൽ നിന്നും ഒഴുകുന്ന സുഗന്ധതൈലം ലോകമാസകലം പരിമളംപരത്തി സമാധാനവും ശാന്തിയും പരത്തട്ടെയെന്നും കട്ടച്ചിറ കണ്ണീർച്ചിറയായി മാറിയിരിക്കുകയാണെന്നും ഈ അത്ഭുത സംഭവത്തെക്കുറിച്ച് കഴിഞ്ഞ ദിവസം നടന്ന വർക്കിംഗ് കമ്മറ്റിയും നടക്കാനിരിക്കുന്ന സഭാസമിതികളും ഗൗരവമായി ചിന്തിച്ച് തീരുമാനം കൈക്കൊള്ളുമെന്നും തുർക്കിയിലും സിറിയയിലും സമാനസംഭവങ്ങൾ ഇന്നും ദൈവാത്ഭുതങ്ങളായി ജനത്തിന് സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നു എന്നും നാനാജാതിമതസ്ഥർക്ക് ഇവിടം അഭയസ്ഥാനമായി മാറണമെന്നും ഏവർക്കും പ്രാർത്ഥിക്കാൻ അവസരം സൃഷ്ടിച്ചുകൊടുക്കണമെന്നും ശ്രേഷ്ഠ ബാവാ കല്പിച്ചു. ബാവയോടൊപ്പം ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ തേവോദോസ്യോസും നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കുറിലോസും സന്നിഹിതരായിരുന്നു. തുടർന്ന് വൈദിക സെമിനാരി വിദ്യാർത്ഥികൾ, പ്രിൻസിപ്പാൾ ഡോ. ആദായി ജേക്കബ് കോറെപ്പീസ്കോപ്പായുടെ നേതൃത്വത്തിൽ പ്രാർത്ഥനയജ്ഞം നടത്തുകയുണ്ടായി.

# “പുരോഹിതന്മാർ” അന്നും ഇന്നും വിശുദ്ധഗ്രന്ഥത്തിൽ

 റ്റി.സി. ജോർജ്ജ്, നല്ലില

ദൈവത്തിന്റെയും, മനുഷ്യരുടേയും ഇടയിലെ മദ്ധ്യസ്ഥനാണ് പുരോഹിതൻ. പൗരോഹിത്യം ക്രിസ്തു കേന്ദ്രീകൃതമാണ്. നിത്യമഹാപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലെ പങ്കാളികളാണ്. പഴയനിയമത്തിൽ പുരോഹിതൻ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചു കാണുന്നത്. “മൽക്കിസെദേക്കിനെ”പ്പറ്റിയാണ്. ദൈവത്തിന്റെ മഹാപുരോഹിതനായിരുന്നു “മൽക്കിസെദേക്ക്” (ഉല്പ. 14:18). പുരോഹിതന്മാരെപ്പറ്റി ദൈവം പറയുന്നു “അവൻ എന്റെ സ്വന്തമാണ്” (സംഖ്യ. 3:13). പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തോട് മൽക്കിസെദേക്കിന്റെ പൗരോഹിത്യം സാദൃശ്യപ്പെടുത്തിയിരിക്കുന്നു (എബ്രാ. 6:20). പുരോഹിതന്മാർ ദൈവത്തിന്റെ സ്വന്തവും, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. മൽക്കിസെദേക്കിന്റെ പൗരോഹിത്യത്തിന്റെ സവിശേഷത പഴയനിയമത്തിൽ രണ്ടു ഭാഗങ്ങളും (ഉല്പ. 14:18-20; സങ്കീ. 110:4) പുതിയനിയമത്തിൽ ഒരു ഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്നു (എബ്രാ. 5:6,7; 1:28). മൽക്കിസെദേക്കിന്റെ ഔന്നത്യവും മഹത്വവും, മഹിമയും എബ്രായൽ 7:2ൽ നാം വായിക്കുമ്പോൾ “അവൻ സമാധാനത്തിന്റേയും, നീതിയുടേയും രാജാവായിരുന്നു.” “അവൻ ദൈവപുത്രന് തുല്യനായി എന്നേക്കും പുരോഹിതനായിരുന്നു” (എബ്രാ. 7:3).

മൽക്കിസെദേക്കിന്റെ പൗരോഹിത്യം കുടുംബമഹിമയുടേയും, പാരമ്പര്യത്തിന്റേയും അടിസ്ഥാനത്തിലല്ല, പിന്നയോ അവന്റെ പൗരോഹിത്യം നിത്യമാണ്. സാർവത്രികമാണ്, സ്വതന്ത്രമാണ്. അവന്റെ സ്വഭാവവും, പ്രവർത്തിയും തമ്മിൽ അഭേദ്യമായബന്ധം ഉണ്ടായിരുന്നു. “യാഥാർത്ഥ പൗരോഹിത്യം ജീവിതമാണെന്നും, യഥാർത്ഥ ജീവിതം പൗരോഹിത്യമാണെന്നും” മൽക്കിസെദേക്ക് നമ്മെ ഓർമ്മപ്പെടുത്തുന്നു. ലേവ്യഗണത്തെ പുരോഹിത ശുശ്രൂഷക്ക് ദൈവം മാറ്റി നിർത്തുന്നതായി കാണാം. കർത്താവ് മോശയോട് അരുളി ചെയ്തു “ലേവീ ഗോത്രത്തെ കൊണ്ടുവന്ന് അഹറോന്റെ ശുശ്രൂഷക്കായി നിയോഗിക്കുക (സംഖ്യ. 3:6). കർത്താവ് വീണ്ടും മോശയോട് പറയുന്നു “ഇസ്രായേലിലെ ആദ്യ ജാതന്മാർക്ക് പകരം ഞാൻ ലേവ്യരെ തിരഞ്ഞെടുത്തിരിക്കുന്നു. കാരണം അവർ എനിക്കുള്ളവരാണ് (സംഖ്യ. 3:12). ലേവീ പുരോഹിതന്മാർക്ക് കൊടുത്തിരുന്ന ധർമ്മങ്ങൾ (1) ദൈവീക പദ്ധതികൾ ജനങ്ങളെ അറിയിക്കുക. (2) ന്യായപ്രമാണങ്ങൾ വ്യാഖ്യാനിക്കുകയും, പഠിപ്പിക്കുകയും ചെയ്യുക. (3) ആരാധനയുടെ പൂർണ്ണ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക മാത്രമാണ്. ബലി അർപ്പണം (കുർബാന) എപ്പോഴും ആത്മസമർപ്പണത്തിന്റെ അടയാളമായി വർത്തിച്ചുവരുന്നു. മാലാഖിയുടെ പുസ്തകത്തിൽ (മാലാഖി 1:6-14) ആത്മസമർപ്പണമില്ലാതെ കാഴ്ച അർപ്പണത്തെ ദൈവം നിരസിക്കുന്നതായി നാം കാണുന്നു. “സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു” എന്റെ നാമത്തിന് മഹത്വം കൊടുപ്പാൻ തക്കവണ്ണം മനസ്സ് വക്കുകയും ചെയ്യും ഞാൻ നിങ്ങളുടെ മേൽ ശാപം അയച്ച് നിങ്ങൾക്കുള്ള അനുഗ്രഹങ്ങളെ ശപിക്കും എന്ന്” (മാലാ. 2:2).

പുറപ്പാട് പുസ്തകത്തിൽ ഇസ്രയേൽ ഒരു പുരോഹിത ഗണമാണെന്ന് കാണാം. “നിങ്ങൾ എനിക്ക് പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും” (പുറ. 19:6). ഈ ഭൂതലം മുഴുവൻ കർത്താവിന്റെ പാദപീഠവും, കർത്താവിന്റേതുമാകയാൽ ഏവരും കർത്താവിനെ ആരാധിക്കുവാനും, സ്തുതിക്കുവാനും തീർച്ചയായും കടപ്പെട്ടവരാണ്” (പുറ. 19:5). അതിന് പുരോഹിതർ നേതൃത്വം നല്കണം.

ആദിമസഭ അത്ഭുതങ്ങളുടേയും, അടയാളങ്ങളുടേയും പരിശുദ്ധാത്മ നടത്തിപ്പിന്റെയും അളവറ്റ പ്രവാഹമായിരുന്നു എങ്കിൽ ഇന്നത്തെ സഭയും, വിശ്വാസികളും, സഭാപ്രവർത്തനങ്ങളും, മത്സരങ്ങളുടേയും സ്വാർത്ഥതയുടേയും, ലോകം കണ്ടാൽ ലജ്ജിക്കുന്ന തരത്തിലുള്ള രംഗങ്ങളുടേയും വേദിയായി മാറിയിരിക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ വായനക്കാർ ക്ഷമിക്കുക. സഭയിൽ നിന്നും, പുരോഹിതരിൽ നിന്നും വിശ്വാസികൾക്ക് ലഭിക്കേണ്ട ദർശനം, സമാധാനം, ശാന്തി, ശുശ്രൂഷ, നിസ്വാർത്ഥമായ കൂട്ടായ്മ എന്നിവ നഷ്ടപ്പെട്ടുകൊണ്ടിരിക്കുക അല്ലേ എന്ന് തോന്നിപ്പോകും.

സഭാവിശ്വാസികൾ തമ്മിലുള്ള ഐക്യവും, സ്നേഹവും, കരുതലും, ക്രിസ്ത്രീയത്വത്തിന്റെ ജീവിതശൈലിയും ഫലവത്താണോ എന്നൊരു സന്ദേഹം! സഭാവിശ്വാസികൾ വളരെ ഏറെ ചിന്തിക്കേണ്ടത് സഭയിൽ, ബാഹ്യപ്രകടനങ്ങളിലും ആചാനുഷ്ഠാനങ്ങളിലും ഒതുക്കിനിർത്തിയല്ല. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ അന്തസത്ത ഉൾക്കൊണ്ട, ബലി അർപ്പിക്കേണ്ട പുതിയനിയമ പുരോഹിതൻ “ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലാ എങ്കിൽ അത് അതേപടി ആയിരിക്കും. അഴിയുന്നങ്കിലോ വളരെ ഫലം പുറപ്പെടുവിക്കും” (യോഹ. 12:24). എന്ന തിരുവചനം ജീവിതത്തിൽ നിറവേറ്റുന്നവനാണ് യഥാർത്ഥ പുരോഹിതൻ. നിത്യപുരോഹിതനായ കർത്താവായ യേശുക്രിസ്തു സഹന സാഹസികതയിൽകൂടി ദൈവജനത്തിന് ബലിയായിത്തീരുകയും അങ്ങനെ യേശുവിന്റെ പൗരോഹിത്യം സഭാവിശ്വാസികൾക്ക് അനുഭവവേദ്യമാക്കി കൊടുക്കുകയും ചെയ്യുന്ന വിശ്വസ്തരായ കർത്താവിന്റെ കൂട്ടുവേലക്കാരാണ് ക്രൈസ്തവ പുരോഹിതന്മാർ എന്നോർക്കണം.

“ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ” (1 കോ. 3:9). അങ്ങനെ പുരോഹിതന്മാർ ദൈവത്താൽ വിളി

യാത്രവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും

കെ.ഒ. ഫിലിപ്പ് കൈപ്പട്ടൂർ

**ഗിരിപ്രഭാഷണ മല**

വിശുദ്ധ നാട്ടിലുള്ള ഏറ്റവും മനോഹരമായ പൂന്തോട്ടങ്ങളിലൊന്നാണ് ഗിരിപ്രഭാഷണ മലയിൽ കാണുന്നത്. മാത്രവുമല്ല, ഓറഞ്ച്, ആപ്പിൾ, മുന്തിരി തുടങ്ങിയ ഫലവൃക്ഷങ്ങൾ ഈ തോട്ടത്തിൽ കാണാം. എപ്പോഴും തണലേകി നില്ക്കുന്ന വൻ വൃക്ഷങ്ങൾ ധാരാളം. തീർത്ഥാടകർക്ക് വിശ്രമിക്കുവാനും, പാടി പ്രാർത്ഥിക്കുവാനും, ഉതകുന്ന രീതിയിൽ പൂന്തോട്ടത്തിൽ തന്നെ സ്ഥലം വേർതിരിച്ചിരിക്കുന്നു. അവിടെ വച്ച് ഞങ്ങൾ എല്ലാവരും പാടി പ്രാർത്ഥിച്ചു. ഈ പള്ളിയിൽ നിന്ന് നോക്കിയാൽ ഗലീലക്കടലും അതിനപ്പുറം ഗോലാൻ പീഠഭൂമിയും കാണാം. പത്രോസിന്റെ ഭവനം, കഫർനഹൂം സംഘാലയം, തബ്ഗാ, പത്രോസിന്റെ സാർവ്വപ്രമുഖ ദൈവാലയം തുടങ്ങിയവ ഈ കുന്നിൻ മുകളിൽ നിന്ന് നോക്കിയാൽ കാണുന്ന മറ്റു കാഴ്ചകളാണ്.

ഈ പള്ളിയുടെ എതിർവശത്തായി ഒരു റോമൻ കത്തോലിക്കാ സന്യാസിനി മഠവും, അതിനടുത്തായി ഒരു "തീർത്ഥാടക ഹോട്ടലും" ഉണ്ട്. ഈ മഠത്തിന്റെ മേൽനോട്ടത്തിലാണ് ഗിരിപ്രഭാഷണ പള്ളിയും ഹോട്ടലും. 1964 ജനുവരി 5ന് മാർപാപ്പ ഇവിടെ സന്ദർശിച്ചപ്പോൾ സമ്മാനിച്ച ഒരു "ഹമനീഖ" (വൈദീകരുടെ സ്ഥാനവസ്ത്രങ്ങളിൽ ഒന്ന്) ഈ പള്ളിയുടെ ഉൾവരാന്തയിൽ സൂക്ഷിച്ചിരിക്കുന്നു. മാർപ്പാപ്പായുടെ 2000ലെ വിശുദ്ധനാട് സന്ദർശനത്തിനോടനുബന്ധിച്ച് മാർച്ച് 24-ാം തീയതി ഈ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയുണ്ടായി.

ഈ കുന്ന് ഇറങ്ങി വരുമ്പോഴുള്ള ഒരു സ്ഥലത്തു വച്ചാണ്. യേശു വിതക്കുന്നവന്റെ ഉപമ പറഞ്ഞത് (മത്താ. 13:1-9). ശീമോന്റെ പടക് കിടന്നിരുന്ന സ്ഥലവും ഇതിനടുത്താണ്. യഹൂദന്മാർ കർത്താവിന്റെ ശിരസ്സിൽ അവഹേളനാപരമായി വച്ച കിരീടത്തിനുപയോഗിച്ച "സിസിഫസ് സ്പീന ക്രിസ്റ്റി" എന്ന വള്ളിമുൾച്ചെടി. ഈ കുന്നിലേക്കുള്ള മറ്റൊരു വഴിയോരത്ത് ഉണ്ടെന്നറിഞ്ഞെങ്കിലും കാണാൻ സാധിച്ചില്ല. സമയക്കുറവ് തന്നെ കാരണം.

4.45ന് ഞങ്ങൾ ഗിരിപ്രഭാഷണ മലയിൽ നിന്നും യാത്രതിരിച്ചു. ഗിന്നസരേത്തിലേക്ക് (ഗലീലക്കടലിലേക്ക്). പോകുന്ന വഴിക്കായി കാണുന്ന സ്ഥലങ്ങളെക്കുറിച്ചുകൂടി ഇവിടെ പരാമർശിക്കട്ടെ.

ബെത്സെയ്ദാ, കോരസീൻ (**Bethsaida, Chorazin**)

*"കോരസീനെ, നിനക്ക് ഹാ കഷ്ടം. ബെത്സയിദേ നിനക്ക് ഹാ കഷ്ടം.*

*നിങ്ങളിൽ നടന്ന വീര്യപ്രവർത്തികൾ, സോരിലും, സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടു തന്നെ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു" (മത്താ. 11:20-21).*

അന്ധന് കാഴ്ച കൊടുത്തത് ഇവിടെ വച്ചാണ്. (ബെത്സെയ്ദാ) (മർ. 8:22-26). കർത്താവ് അനേക അത്ഭുത പ്രവൃത്തികൾ ഈ ഗലീല പട്ടണങ്ങളിൽ ചെയ്തു എങ്കിലും ജനങ്ങൾ അവനെ അവഗണിച്ചു. അവനിൽ വിശ്വസിച്ചില്ല. ഗലീലാകടൽത്തീരത്തായി കാണുന്ന ബെത്സെയ്ദാ പട്ടണം ഇന്ന് ശൂന്യം. കഫർനഹൂമിനും കോരസീനും മദ്ധ്യേയാണ് ഈ സ്ഥലം. ഒരു കാലത്ത് വൻ മത്സ്യബന്ധന കേന്ദ്രമായിരുന്നു ഇവിടം. പത്രോസ്, അന്ത്രയോസ്, ഫിലിപ്പോസ് മുതലായി, കർത്താവിന്റെ ശിഷ്യന്മാരിൽ പലരെയും പ്രദാനം ചെയ്ത ഗ്രാമമാണ് ഇത് (യോഹ. 1:44). പക്ഷേ കർത്താവിനാൽ ശാപഗ്രസ്തമായി. ഹെരോദാവിന്റെ മകൻ, ഫീലിപ്പോസിന്റെ അരമനയും ഇവിടെയായിരുന്നു.

ഗലീലാക്കടലിന്റെ വടക്കേ അറ്റത്ത് കാണുന്ന പട്ടണമാണ് കോരസീൻ. കഫർനഹൂമിൽ നിന്ന് 3 കി. മീറ്റർ ദൂരം. കർത്താവ് വളരെ അത്ഭുതങ്ങൾ ഇവിടെയും പ്രവൃത്തിച്ചു (മത്തായി 11:21). കോരസീൻ പട്ടണത്തിൽ നിന്ന്, ഒരു പഴയ സിനഗോഗിന്റെ അവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. കഫർനഹൂം, ബെത്സെയ്ദാ, കോരസീൻ എന്നീ മൂന്ന് വലിയ പട്ടണങ്ങൾ ശാപഗ്രസ്തമായ സ്ഥലങ്ങളാണ്. ഇന്ന് അവിടെയെല്ലാം ശൂന്യം യാതൊരു അഭിവൃദ്ധിയും ഇവിടെ ഉണ്ടായിട്ടില്ല. ഇന്ന് കിർബത്-കോരസീൻ എന്ന പേരിൽ ഈ സ്ഥലം അറിയപ്പെടുന്നു.

**ഹെർമ്മോൻ പർവതം (Mount Hermon)**

കഫർനഹൂമിൽ നിന്ന് ഗലീലാക്കടലിലേക്കുള്ള

---

ക്കപ്പെട്ടവരും, ദൈവത്തിന്റെ സ്വന്തമാണെന്നും നാം ഓർക്കണം.

അതിനാൽ പുതിയനിയമ ശുശ്രൂഷകന്മാരും പുരോഹിതന്മാരും പരിശുദ്ധാത്മാവിന്റെ ശക്തിയോടെയാണ് ആരാധന നടത്തുന്നത് (പ്രവൃ. 1:8; 1 തെസ്സ. 1:5; 1 കോ. 2:4,5) പഴയനിയമ കാലത്ത് പുരോഹിതന്മാർക്ക് അഭിഷേകം അവശ്യമായിരുന്നു. ഈ അഭിഷേകം പുതിയ നിയമത്തിൽ പരിശുദ്ധാത്മഭിഷേകത്തിന് നിഴലാണ് (പ്രവൃ. 10:38). ആയതിനാൽ പുരോഹിതന്മാർ അവർക്ക് കിട്ടിയിരിക്കുന്ന അഭിഷേകം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും നമ്മുടെ പുരോഹിതന്മാർ വിശുദ്ധിയാൽ വളർന്ന് നല്ലഫലം പുറപ്പെടുവിക്കാനും, വിശ്വാസികളുടെ ഹൃദയങ്ങളിൽ രൂപാന്തരവും, നവചൈതന്യവും വളർത്തുവാനും ദൈവത്തിന്റെ വചനങ്ങൾ പ്രസംഗിച്ചു, ഉപദേശിച്ചും വിശ്വാസികളെ ദൈവാശ്രയത്തിൽ കൊണ്ടുവരുവാൻ തക്ക ആത്മീയശേഷിയും ചൈതന്യവും ബലവും പരിശുദ്ധാത്മാവിന്റെ നിറവും ഉള്ളവരാക്കണം.

# മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും തിരുശേഷിപ്പുകളും ബൈബിളിൽ

**ആനി വി. തോമസ്**

മരിച്ചു നാറ്റംവച്ച ലാസറിനെ യേശു ഉയർപ്പിച്ചു (യോഹന്നാൻ 11:1-44).

നയീനിലെ വിധവയുടെ മകനെ യേശു ഉയർപ്പിച്ചു. (ലൂക്കാ. 7:11-17).

പള്ളിപ്രമാണി (യായിറോസ്)യുടെ മകളെ യേശു ഉയർപ്പിച്ചു (മർക്കൊ. 5:35-43).

**ശ്ലീഹന്മാർ മരിച്ചവരെ ഉയർപ്പിച്ചു**

പത്രോസ് മരിച്ച ബാലിക (തബീഥ = പേടമാൻ)യെ ഉയർപ്പിച്ചു (അ.പ്ര. 9:36-43).

പൗലോസ് മാളിക മുകളിൽ നിന്നു വീണുമരിച്ച എവുത്തിക്കോസിനെ ഉയർപ്പിച്ചു (അ.പ്ര. 20:7-11).

**പഴയനിയമത്തിൽ**

മോശ രൂബേനുവേണ്ടി പ്രാർത്ഥിക്കുന്നു (ആവർത്തനം 33:6).

ഏലിയാവും ഏലിശായും മരിച്ചവരെ ഉയർപ്പിച്ചു. (ഏലിയാവിന്റെ പുതപ്പും ഏലിശായുടെ അസ്ഥിയും അത്ഭുതം പ്രവർത്തിച്ചു)

മക്കാബിയരുടെ പുസ്തകത്തിൽ മരിച്ചവർക്കുവേണ്ടി പാപപരിഹാര ബലി അർപ്പിച്ചതായി കാണുന്നു (2 മക്കാബി 12:39-45).

മോശയുടെ മരണാനന്തരം വിലാപകാലം ആചരിച്ചു (ആവർത്തനം 34-5).

**പുതിയ നിയമത്തിൽ**

മരിച്ചവനായ ഒനേസിഫോറസിനുവേണ്ടി വി. പൗലോസ് പ്രാർത്ഥിക്കുന്നു (2 തിമൊത്തി. 1:16).

**മദ്ധ്യസ്ഥ പ്രാർത്ഥന സാദ്ധ്യമോ?**

1. മറുരൂപമലയിൽ ഈഹലോകവാസം വെടിഞ്ഞ മോശയും ഏലിയാവും കർത്താവിനോട് സംസാരിക്കുന്നു (മത്തായി 17:1-8).
2. യേശു - അബ്രാഹാം യിസ്ഹാക്ക് യാക്കോബ് ഇവരെക്കുറിച്ച്.

"ദൈവമോ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമതെ. എല്ലാവരും അവനു ജീവിച്ചിരിക്കുന്നുവല്ലോ" (ലൂക്കോ. 20:36-40).

3. ഈയ്യോബിന്റെ മാദ്ധ്യസ്ഥം യാചിക്കുവാൻ ദൈവം അവന്റെ സ്നേഹിതന്മാരോട് ആവശ്യപ്പെടുന്നു (ഈയ്യോബ് 42:7-9).
4. കാനാവിലെ കല്യാണ വിരുന്നിൽ മാതാവിന്റെ മാദ്ധ്യസ്ഥം യേശു സ്വീകരിക്കുന്നു (യോഹ. 2:1-11).
5. കനാന്യസ്ത്രീയുടെ മകളെ കർത്താവ് ശിഷ്യന്മാരുടെ അഭ്യർത്ഥന പ്രകാരം സുഖപ്പെടുത്തി (മത്തായി 15:21-28).

ശതാധിപന്റെ വിശ്വാസം കണ്ടിട്ട് അവന്റെ ഭൃത്യനെ സുഖപ്പെടുത്തി.

**വിശുദ്ധരുടെ തിരുശേഷിപ്പുകളിൽ ദൈവീക ശക്തിയുണ്ടോ?**

1. ഏലിശായുടെ അസ്ഥികളിൽ തൊട്ട മരിച്ചവൻ ഉയിർത്തെഴുന്നേറ്റു (2 രാജാ. 13:20).
2. ഉത്തമ യനസേപ്പിനെ സ്ഥികളെ മൂശ ബഹുമാനിച്ചു (ഉല്പത്തി 50:25).

"ദൈവം നിങ്ങളെ സന്ദർശിക്കുമ്പോൾ നിങ്ങൾ എന്റെ അസ്ഥികളെ ഇവിടെനിന്നും കൊണ്ടുപോകണമെന്നു പറഞ്ഞു യോസേഫ് ഇസ്രായേൽ മക്കളെക്കൊണ്ട് സത്യം ചെയ്യിപ്പിച്ചു."

3. ഏലിയായുടെ പുതപ്പ് കൊണ്ട് ഏലിശ അത്ഭുതം പ്രവർത്തിച്ചു (2 രാജാ. 2:13-15).
4. പൗലോസിന്റെ ഉത്തരീയം (towel) അത്ഭുതം പ്രവർത്തിച്ചു (അപ്പോ. 19:12)
5. പത്രോസിന്റെ നിഴലും കുപ്പായത്തിന്റെ തൊങ്ങലും സൗഖ്യശക്തിയുള്ളതായിരുന്നു.

"രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം", "വിശ്വാസസത്യങ്ങൾ" മുതലായ കണിയാമ്പറമ്പിലച്ചന്റെ പുസ്തകവും "പെന്തക്കൊസ്തു സമൂഹങ്ങളും കത്തോലിക്കാസഭയും" എന്ന റവ. ഡോ. വർഗ്ഗീസ് പെരെപ്പാടൻ അച്ചന്റെ പുസ്തകവും


## അറിയിപ്പ്

**വാർത്തകൾ, ലേഖനങ്ങൾ, ചെറുകഥ തുടങ്ങിയവ യഥാസമയം**

**എഡിറ്റർ അലക്സാണ്ടർ കാരയ്ക്കാട് യാക്കൂബ്യൻ മാസിക, കാരയ്ക്കാട് പി.ഒ., പിൻ: 689 504, ചെങ്ങന്നൂർ എന്ന വിലാസത്തിൽ അയച്ചുതരിക**

**www.alexanderkarakkad@gmail.com**


---

യാത്രാമദ്ധ്യേ 10 കി. മീറ്റർ അകലെ തലയുയർത്തി നില്ക്കുന്ന ഹെർമ്മോൻ പർവതം കാണാമായിരുന്നു. സീയോൻ പർവതം എന്നും ഇതിന് പേരുണ്ട് (അഞ്ചാം പുസ്തകം 4:48). സമുദ്രനിരപ്പിൽ നിന്നും 9200 അടി ഉയരമുണ്ട്. ഹെർമ്മോൻ പർവ്വതത്തിന്, ഹെർമ്മോൻ എന്നാൽ വിശുദ്ധ ഇടം എന്നർത്ഥം. മറുരൂപ മല ഇതാണെന്ന് ഒരു ചെറുസംഘം വിശ്വസിച്ചു വരുന്നുണ്ട്. ഹെർമ്മോന്റെ "ഹൂലെ" താഴ്‌വരയിൽ, പഴവർഗ്ഗങ്ങൾ ധാരാളം കൃഷി ചെയ്യുന്നു. അത്തി, ഒലീവ്, മുന്തിരി, പ്ലം, ആപ്രിക്കോട്ട്, പീച്ച് മുതലായവ. ഹെർമ്മോനിൽ നിന്ന് ഐസ് ഉരുകി വരുന്ന ജലം ഗലീലാകടലിൽ പതിച്ച് യോർദ്ദാൻ നദിയായി രൂപാന്തരപ്പെടുന്നു. അവിടെ നിന്നും തെക്കോട്ട് ഒഴുകി ചാവുകടിലിൽ ചെന്ന് പതിക്കുന്നു. യിസ്രായേൽ രാജ്യത്തിന്റെ 35 ശതമാനം കുടിവെള്ളവും ഹെർമ്മോൻ മലനിരകളിൽ നിന്ന് ലഭിക്കുന്നവയാണ്.

**ഫിലിപ്പിന്റെ കൈസറിയ (Caesarea Philippi)**

യിസ്രായേലിലെ 12 ഗോത്രങ്ങളിൽ, ദാൻ ഗോത്രത്തിന് കിട്ടിയ ഈ പ്രദേശം, ഹെർമ്മോൻ പർവതത്തിന്റെ തെക്കെ ചരിവിലാണ്. *തുടരും...*

# കട്ടച്ചിറപ്പള്ളിയിൽ മഹാത്ഭുതം, ഭക്തജന പ്രവാഹം



കൊല്ലം ഭദ്രാസനത്തിലെ കായംകുളത്തിന് സമീപമുള്ള കട്ടച്ചിറ സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയുടെ ചാപ്പലിനുള്ളിലെ വിശുദ്ധ കന്യാമാതാവും കുഞ്ഞും കൂടിയുള്ള ഫ്ളക്സ് ചിത്രത്തിലെ വി. കന്യകമറിയാവിന്റെ കണ്ണിലെ കൃഷ്ണമണിയിൽ നിന്ന് ജലവും എണ്ണയും കലർന്ന രീതിയിലുള്ള ദ്രാവകം സുഗന്ധം പരത്തിക്കൊണ്ട് ഒഴുകിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനാമന്ത്രോച്ചാരണം കൊണ്ടു അപേക്ഷകളും പ്രാർത്ഥനകളും കൊണ്ടും മുഖരിതമായ അന്തരീക്ഷത്തിൽ ഇടയ്ക്കിടിക്ക് അശ്രുകണങ്ങൾ പൊടിഞ്ഞുകൊണ്ടിരിക്കും കഴിഞ്ഞ ഇരുപതിനു സന്ധ്യാപ്രാർത്ഥനാ സമയത്താണ് ചില സ്ത്രീകൾ പ്രാർത്ഥനാ മദ്ധ്യേ ഇത് ദർശിക്കുകയും സംശയം പ്രകടിപ്പിക്കുകയും ചെയ്തത്. ഉടൻ തന്നെ ഫോട്ടോ അധികൃതർ കഴുകിവൃത്തിയാക്കി. എന്നാൽ വീണ്ടും ജലകണങ്ങൾ ഒഴുകിയതിനാൽ ഇടവക മെത്രാപ്പോലീത്താ അഭി. മാത്യൂസ് മാർ തേവോദോസ്യസ് മെത്രാപ്പോലീത്തായെ അറിയിക്കുകയും അദ്ദേഹം ലുത്തിനിയായിക്കുശേഷം ഫോട്ടോ പഞ്ഞികൊണ്ടു വൃത്തിയാക്കുകയും ചെയ്തു. വീണ്ടും ഉണ്ടായതിനാൽ ജനം പ്രാർത്ഥനായജ്ഞമാരംഭിച്ചു. പിറ്റേദിവസം തുമ്പമൺ ഭദ്രാസനത്തിന്റെ അഭി. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ എത്തി പ്രാർത്ഥനക്കുശേഷം പഞ്ഞികൊണ്ട് വീണ്ടും തുടച്ച് വെടിപ്പാക്കി. അനുസ്യൂതം കണ്ണീർകണങ്ങൾ പൊടിഞ്ഞുകൊണ്ടിരുന്നതിനാൽ വാർത്ത പുറംലോകം അറിയുകയും നാട്ടുകാർ ഓടിക്കൂടുകയും വാർത്ത പരക്കുകയും ആയിരുന്നു. ഇപ്പോഴും രാപകലില്ലാതെ നാടിന്റെ നാനാദിക്കിൽ നിന്നും വിദേശത്തുനിന്നും ജനം എത്തിച്ചേരുകയും പള്ളിയിൽ ധ്യാനമിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കട്ടച്ചിറ പള്ളിക്കേസ് കൊടുമ്പിരികൊണ്ടിരിക്കുമ്പോൾ ഈ ചാപ്പലിൽ ആയിരുന്നു യാക്കോബായ വിശ്വാസികൾ ആരാധനയും പ്രാർത്ഥനായജ്ഞവും ഉപവാസവും ധ്യാനവും നടത്തിയിരുന്നത്. പള്ളി കോടതിവിധി മുഖേന പാത്രിയർക്കീസ് വിഭാഗത്തിന് ലഭിച്ചപ്പോൾ ചാപ്പൽ നശിപ്പിക്കാതെ വിശ്വാസികൾ ഒത്തുകൂടി ശനിയാഴ്ച തോറും വി. കുർബാന അവിടെ അർപ്പിച്ച് സ്തോത്രപ്രാർത്ഥന നടത്തുകയും ബുധനാഴ്ച തോറും സ്ത്രീകൾ ഉപവാസവും ധ്യാനവും പ്രാർത്ഥനയുമായി കഴിയുമായിരുന്നു. അനേകർക്ക് ഇവിടെ നിന്നും അനുഗ്രഹങ്ങളും കൃപകളും ജീവിതമാർഗ്ഗങ്ങളും സന്താനങ്ങളേയും നല്കി ദൈവം അനുഗ്രഹിച്ചിരുന്നു. വി. ദൈവമാതാവിന്റെ പ്രാർത്ഥനയിൽ അഭയപ്പെട്ടു കാര്യാസാദ്ധ്യം കാണാൻ എന്നും വിശ്വാസികൾ ഇവിടെ വന്നിരുന്നു.

ഇപ്പോൾ രാവുംപകലും ഭക്തജനങ്ങളും ഇടവകാംഗങ്ങളും വിവിധ സഭാംഗങ്ങളും സമുദായാംഗങ്ങളും ധ്യാനമിരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ സംഭവത്തിനുശേഷം അനേകം അത്ഭുതങ്ങളുടെ ജനം കാൺകെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ഊമയായ ഒരുകുട്ടി ജനസമുച്ചയം സാക്ഷി നില്ക്കേ സംസാരിക്കുകയുണ്ടായി. പൈശാചികബാധ അലറിമാറിപ്പോകുന്നു. ക്ഷുദ്രംകൊണ്ടും വലഞ്ഞവർ വിടുതൽ പ്രാപിക്കുന്നു. ദിനംതോറും അത്ഭുതങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും പ്രാർത്ഥനാ മന്ത്രങ്ങൾ ഉച്ചകോടിയാലാകുകയും ചെയ്യുന്നു. ഇടവകാംഗങ്ങൾ സ്വന്തം ഭവനവും കുടുംബവും മറന്ന് ചാപ്പലിൽ ഒത്തുകൂടി പാടിപ്രാർത്ഥിക്കുന്നു.

ചാപ്പലിൽ ഇപ്പോൾ ദിവസവും വി. കുർബാനയും ധ്യനവും സുവിശേഷ പ്രസംഗങ്ങളും ഉണ്ട്. വിവിധ സഭാംഗങ്ങൾ കൂട്ടമായി വന്ന് ധ്യാനവും പ്രാർത്ഥനയും നടത്തുന്നു.

അത്ഭുതങ്ങളും അടയാളങ്ങളും പരസ്യപ്പെടുത്തുന്ന പതിവുകളും വരുമാനമാർഗ്ഗമാക്കുന്ന നടപടികളും സുറിയാനി സഭക്കില്ലാത്തതിനാൽ ഇതു സംബന്ധിച്ച ഒരു പ്രഖ്യാപനം സഭനടത്തിയിട്ടില്ല. എന്നാൽ അടുത്തു നടക്കുന്ന പ. എപ്പിസ്ക്കോപ്പൽ സിനഡിൽ ഈ സ്ഥലത്തെ 'മരിയൻ തീർത്ഥാടന കേന്ദ്ര'മായി പ്രഖ്യാപിക്കാനുള്ള ചർച്ചകൾ ഉണ്ടാകും.

ശ്രേഷ്ഠ കാതോലിക്കാ മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാബാവയുടെ പ. സിനഡ് സെക്രട്ടറി അഭി. ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനിയും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സംഭവം നേരിട്ട് നിരീക്ഷിച്ച് കാര്യങ്ങൾ പഠിച്ചുകഴിഞ്ഞു. അഭി. മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ വി. കുർബാന നടന്നുവരുന്നു.

അഭി. ഗീവർഗീസ് മാർ ദീവന്നാസ്യോസ്, അഭി. ഗീവറുഗീസ് മാർ കൂറീലോസ് അഭി. ഗീവർഗീസ് മാർ അത്താനാസ്യോസ് മാർ ദിയസ്ക്കോറോസ്, മാർ അത്താനാസ്യോസ് തുടങ്ങിയ മെത്രാപ്പോലീത്താമാരും സഭാനേതാക്കളും സമിതിയംഗങ്ങളും സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളും ചാപ്പൽ സന്ദർശിക്കുകയുണ്ടായി.

**ബാലപംക്തി**

# സഭ ഒരു ലഘുപഠനം

വിളിച്ചു വേർതിരിക്കപ്പെട്ട ദൈവജനമാണ് സഭ. പഴയനിയമ കാലത്ത് യിസ്രായേൽ ദൈവത്തിന്റെ ജനമായിരുന്നെങ്കിൽ പുതിയനിയമ കാലത്ത് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് അവന്റെ കുരിശുമരണത്തിലും രക്ഷാപ്രവർത്തനത്തിലും ഉയിർത്തെഴുന്നേല്പ്പിലും സ്വർഗ്ഗാരോഹണത്തിലും വീണ്ടുവരവിലും വിശ്വസിച്ച് പ്രത്യാശയോടെ കാത്തിരിക്കുന്ന സമൂഹമാണ് സഭ.

സഭ ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനത്തിൽ പങ്കാളികളാകണം. അവന്റെ തിരുശരീരം ഭക്ഷിച്ച് വിശുദ്ധി പ്രാപിക്കണം. സുവിശേഷം ഭൂലോകമെങ്ങും പ്രഘോഷിച്ച് ലോകം മുഴുവനും ക്രിസ്തുവിനെ മനസിലാക്കാൻ യത്നിക്കണം. ത്രിയേക ദൈവത്തിലുള്ള വിശ്വാസം ഒരു യാഥാർത്ഥ്യമാണെന്നും പിതൃപുത്ര പരിശുദ്ധാത്മാവ് എന്ന ഏകദൈവം വിശ്വാസത്തിന്റെ ഭാഗമാണ്. പുതിയനിയമസഭ യേശുവിനെ മിശിഹയായി സ്വീകരിച്ചു. വിശുദ്ധ പൗലോസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ സഭയെ ക്രിസ്തേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവർ എന്നും എപ്പേസോസുകാരോടു താൻ സ്വന്ത രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെന്നും 1 കൊരി. 3:16, എബ്രാ. 10:21 സഭ ക്രിസ്തുവിന്റെ മന്ദിരമെന്നും ശരീരമെന്നും മണവാട്ടിയെന്നും വിശേഷിപ്പിച്ചിരിക്കുന്നു. പഴയനിയമത്തിൽ മന്ദിരം അഥവാ കൂടാരം തന്റെ ജനത്തിന്റെ മദ്ധ്യേ വസിക്കുന്നതിന് ദൈവം തെരഞ്ഞെടുത്ത സ്ഥാനമായിരുന്നു. ദൈവവും ജനവും ഒരുമിക്കുന്നത് മന്ദിരത്തിൽ വെച്ചായിരുന്നു. പുരോഹിതർ പാപപരിഹാര ബലികൾ അർപ്പിക്കുകയും ന്യായപ്രമാണം പഠിച്ചും പഠിപ്പിച്ചും പ്രവചനം ഗ്രഹിച്ചും അറിയിച്ചും കുഞ്ഞുങ്ങളെ പ്രതിഷ്ഠിച്ച് മന്ദിരത്തിൽ താമസിച്ച് ശുശ്രൂഷ നിറവേറ്റിയിരുന്നു. വൃദ്ധരും മന്ദിരത്തിൽ ഇപ്രകാരം പാർത്തിരുന്നു. അങ്ങനെ ദൈവവും മനുഷ്യനുമായുള്ള അഭേദ്യമായ ബന്ധം നിലനില്ക്കുന്ന മന്ദിരത്തെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തപ്പോൾ ചാട്ടവാർ എടുക്കുകയും കച്ചവടക്കാരെ ഓടിക്കുകയും ചെയ്ത പഴയ മന്ദിരത്തിനുപകരം തന്റെ ശരീരമാകുന്ന പുതിയ മന്ദിരത്തെ ക്രിസ്തു സ്ഥാപിക്കുകയും പാപപരിഹാര യാഗമായി ലോകത്തിനുവേണ്ടി തന്നേത്തന്നെ സമർപ്പിച്ച് ശ്രേഷ്ഠ മഹാപുരോഹിതനായി തീർന്നു. അങ്ങനെ പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവവും സമ്മേളിച്ചു. ദൈവത്തിങ്കലേക്കുള്ള വഴി പഴയനിയമ ആലയത്തിൽകൂടിയല്ല, ക്രിസ്തുവാകുന്ന പുതിയ മന്ദിരത്തിൽകൂടി ആണെന്നും കാണിക്കാൻ പഴയ മന്ദിരത്തിന്റെ തിരശ്ശീല രണ്ടായിക്കീറി സ്വർഗ്ഗം തുറന്ന് കാട്ടി. സഭ യറുശലേമിൽ ആരംഭിച്ചു. പെന്തിക്കോസ്തു നാളിൽ ആത്മാവ് സഭയിൽ വന്ന് ആവസിച്ച് ജീവൻ നല്കി ഉദ്ഘാടനം നിർവഹിച്ചു (അപ്പോ. 2:1–4). ക്രിസ്തുവാകുന്ന മൂലകല്ലിന്മേൽ ശ്ലീഹന്മാർ എന്ന അടിസ്ഥാനത്തിൽ സഭ പണിയപ്പെട്ടു. ജനത്തെ വിശുദ്ധ മാമൂദീസയിലൂടെ സഭയുടെ കല്ലുകളാക്കി മാറ്റി. പിതാക്കന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും സംരക്ഷണയാലും പരിശ്രമത്താലും ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിലൂടെയും സഭ വളർന്നു. നൂറ്റാണ്ടുകൾക്കുശേഷം സഭക്ക് വിശുദ്ധ വേദപുസ്തകവും കൂദാശക്രമങ്ങളും ആരാധനക്രമങ്ങളും ഉണ്ടായി. സഭ ലോകത്തിന്റെ നാനാഭാഗത്തേക്ക് വളർന്നു. അന്ത്യോഖ്യ, റോമ, അലക്സാന്ത്രിയ എന്നീ കേന്ദ്രങ്ങളും അവിടെ മേലദ്ധ്യക്ഷന്മാരുമുണ്ടായി. പിന്നീട് കുസ്തന്തിനോപ്പോലീസും നാലാംനൂറ്റാണ്ടിൽ യറുശലേം പാത്രിയർക്കേറ്റും ഉണ്ടായി. സഭ ഏകവും, സഭക്ക് ഒരു ദൈവവും ഒരു ആത്മാവും ഒരു വിശ്വാസവും ഒരു മാമോദീസായും ആയിരുന്നു (എഫേ. 4:4–6). ലോകത്തെല്ലാം വ്യാപിച്ചതിനാൽ കാതോലിക (സർവത്രിക) സഭയായി. പാത്രിയർക്കീസന്മാർ കർത്താവിന്റെ സ്ഥാനാപതികളും ശ്ലീഹന്മാരുടെ പിൻഗാമികളും കൈവെപ്പും നല്വരങ്ങളും ഉള്ളവരുമായിരുന്നു. സഭക്ക് പൊതു സുന്നഹദോസുകൾ മൂന്നെണ്ണം ഉണ്ടാകുകയും അതിന്റെ തീരുമാനങ്ങൾക്ക് അനുസൃതമായി സഭാഭരണം നിലനില്ക്കുകയും വേദവിപരിതികളെ പുറത്താക്കുകയും ചെയ്തിരുന്നു. അങ്ങനെ സഭ അപ്പോസ്തോലിക പിൻതുടർച്ചയുള്ള പഠിപ്പിക്കലുകൾ പിൻതുടരുന്ന, കൈവെപ്പുകൾ കാത്തുസൂക്ഷിക്കുന്ന, ശ്ലൈഹിക സഭയായി. വി. പത്രോസാകുന്ന പാറമേൽ കർത്താവാകുന്ന മൂലകല്ലിന്മേൽ ശ്ലീഹന്മാരായ തൂണുകളിന്മേൽ പണിത ഏക സഭയിൽ പലപ്പോഴും കാറും കോളും കൊടുങ്കാറ്റുകളും പിളർപ്പുകളും ആഞ്ഞടിച്ചിട്ടും സഭയെ ദൈവം നിലനിർത്തുന്നു. വേദ വിപരീതികളിൽനിന്നും അന്യായക്കാരിൽനിന്നും ശത്രുക്കളിൽനിന്നും പരിശുദ്ധവും നിർമ്മലവും നിഷ്കളങ്കവുമായ മണവാട്ടി സഭയുടെ കന്യകാത്വം കാത്തുസൂക്ഷിക്കാൻ സഭ സൂക്ഷ്മത പുലർത്തുകയും ആയതിന് ദൈവം നേതാക്കളെ കാലാകാലങ്ങളിൽ ആക്കിവക്കുകയും ചെയ്തുവരുന്നു. സഭ ദൈവഭവനവും സ്വർഗ്ഗരാജ്യവുമാണ് (യോഹ. 3:5). വിശ്വാസികളായ ജീവനോടിരിക്കുന്നവരും മരിച്ചവരും ജനിക്കാനിരിക്കുന്നവരും കർത്താവിന്റെ ഈ ശരീരത്തിന്റെ അംശികളാകുന്നു.

സത്യത്തെ പഠിപ്പിക്കുക, വിശുദ്ധ രഹസ്യങ്ങൾ അനുഭവിക്കുക, തിരുവചനം വ്യാഖ്യാനിക്കുക, ജനത്തെ വിശുദ്ധിയിൽ നിലനിർത്തി ദൈവരാജ്യത്തിന് അവകാശികളാക്കുക ഇവയാണ് സഭയുടെ ദൗത്യം.

ലോകം മുഴുവനുമുള്ള എല്ലാ മനുഷ്യർക്കും ആത്മീയനല്വരങ്ങളുടെ ഉറവിടമായി വ്യാപിച്ചുകിടക്കുന്നതിനാൽ സഭ കതോലികം എന്നും ശ്ലീഹന്മാരുടെ അധികാരവും കൈവെപ്പും പ്രവർത്തനവും പാരമ്പര്യവും പിൻതുടരുന്നതിനാൽ അപ്പോസ്തോലികമെന്നും ഏകനായ ക്രിസ്തു ശരീരമൊന്നും ആത്മാവൊന്നും മാമോദീസയൊന്നും പ്രത്യാശയൊന്നും സഭയൊന്നും ആയതിനാൽ ഏകമെന്നും, സഭ വിശുദ്ധവും ക്രിസ്തു വിശുദ്ധനും റൂഹ ശുദ്ധീകരിക്കുന്നവനും വഴിനടത്തുന്നവുമാണ്. ജനത്തെ ശുദ്ധരാക്കുക എന്നതാണ് സഭയുടെ ലക്ഷ്യം എന്നതിനാലും വിശുദ്ധ കൂദാശകളാകുന്ന ശുദ്ധീകരണ മാർഗ്ഗങ്ങളുടെ ഇരിപ്പിടമാകുന്ന സഭയെ വിശുദ്ധമെന്നും പറയുന്നു. തലയാകുന്ന ക്രിസ്തു വിശുദ്ധനായിരിക്കുന്നതുപോലെ ശരീരമാകുന്ന സഭ അഥവാ ദൈവജനം വിശുദ്ധരായിരിക്കണം. സത്യം മുറുകെ പിടിക്കുന്നവരും സത്യം പ്രചരിപ്പിക്കുന്നവരും ആയിരിക്കണം സഭാജനം.

## വാർത്തകൾ

### കണ്ടനാട് കത്തീഡ്രലിൽ ശ്രേഷ്ഠ കാതോലിക്ക മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ ഏഴിൻമേൽ കുർബാന അർപ്പിച്ചു

കണ്ടനാട് വി. മാർത്തമറിയം കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന ശ്രേഷ്ഠനായ മാർ ബസ്സേലിയോസ് ശക്രുള്ളാ ബാവയുടെ 245-ാമത് ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 22ന് ശ്രേഷ്ഠ കാതോലിക്കാ ബാവ മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പ്രധാന കർമ്മികത്വത്തിൽ ഏഴിൽമേൽ കുർബാന അർപ്പിച്ചു. ആദ്യമായാണ് കത്തീഡ്രലിൽ ബാവ വി. കുർബാന അർപ്പിക്കുന്നത്.

പ. പാത്രിയർക്കീസ് ബാവയുടെ കല്പനപ്രകാരം അനാഥമായി കഴിഞ്ഞിരുന്ന മലങ്കരസഭയെ ആത്മീയമായി ജീവിപ്പിക്കുന്നതിന് 1751 മേടം 23ന് കൊച്ചിയിൽ യൂഹാനോൻ റമ്പാനോടൊപ്പം എത്തിയ ബാവയെ അന്നത്തെ അർക്കദിയോക്കൻ മാർത്തോമ അഞ്ചാമൻ സ്വീകരിച്ചില്ല. കാണാൻപോലും കൂട്ടാക്കാതെ സിംഹാസനത്തോടെ മറുതലിച്ച അഞ്ചാമനു പകരം മലങ്കരക്കുവേണ്ടി യൂഹാനോൻ റമ്പാനെ മാർ ഈവാനിയോസ് എന്ന നാമത്തിൽ കണ്ടനാട് പള്ളിയിൽവച്ച് 1752 മേടം 30ന് മെത്രാനായി അഭിഷേകം ചെയ്തു.

മലങ്കരയിലുടനീളം പള്ളികൾ സ്ഥാപിച്ചും സത്യവിശ്വാസം പ്രചരിപ്പിച്ചും ആത്മീയ ആവശ്യങ്ങൾ നിറവേറ്റിയ മാർ ശക്രുള്ളാ ബാവ 1764 തുലാം 9ന് താൻ പണികഴിപ്പിച്ച മട്ടാഞ്ചേരി പള്ളിയിൽവെച്ച് കാലംചെയ്തു. എന്നാൽ താൻ താമസിച്ച കണ്ടനാട് പള്ളിയിലേക്ക് ഭൗതീകശരീരം കൊണ്ടുവരികയും കബറടക്കുകയുമാണുണ്ടായത്.

2008 ഒക്ടോബർ 22ന് സഭ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു. 2008ന് പ. പാത്രിയർക്കീസ് ബാവയുടെ മലങ്കര സന്ദർശന വേളയിൽ കണ്ടനാട് പള്ളിയിൽവെച്ച് മാർ ശക്രുള്ളാ ബായെ വിശുദ്ധനായി പ്രഖ്യാപിച്ചിരുന്നു.

### ഡീ. തോമസ് പൂതിയോട്ടിന് യൗ ഫെദയോക്യൻ പട്ടം നല്കി

കാലം ചെയ്ത അഭി. കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കുടുംബാംഗവുമായ ഏളംകുളം സൂനോനോ കത്തീഡ്രൽ അംഗവുമായ മേപ്രാൽ പൂതിയോട്ട് കുരുവിള - മോനി ദമ്പതികളുടെ മകൻ ഡീ. തോമസിന് ടർക്കിയിലെ തുറബ്ദീനിലെ പ്രശസ്തവും പുരാതനവുമായ കുർക്കുമോ ദയറായിൽവെച്ച് സിംഹാസന പള്ളികലുടെ അഭി. കുറിയാക്കോസ് മാർ യൂലിയോസ് മെത്രാപ്പോലീയുടേയും കാർമ്മികത്വത്തിൽ യൗഫെദയോക്യൻ പട്ടം നല്കി. ഒരു മലങ്കര സഭാംഗത്തിന് ലഭിച്ച അപൂർവഭാഗ്യമാണ് ഈ ദയറായിൽ വെച്ചു ലഭിച്ച പട്ടത്വ കൂദാശ. സഭക്കും ദൈവത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ലക്ഷക്കണക്കിന് സന്ന്യാസിമാരുടേയും രക്തസാക്ഷികളുടേയും നാടാണ് തുർക്കി. സഭയുടെ പഴയ ആസ്ഥാനവും വിശുദ്ധരുടെ നാമത്തിൽ അത്ഭുതങ്ങൾ നടക്കുന്ന സ്ഥലവുമാണ്.

### യു. കെ. കുടുംബസംഗമം സമാപിച്ചു

യു.കെ. കുടുംബസംഗമം ശ്രേഷ്ഠ കാതോലിക്കാ ബാവായുടേയും മാർ ദീയസ്ക്കോറോസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാരുടേയും നേതൃത്വത്തിൽ വിപുലമായി നടത്തപ്പെട്ടു.

### മാതാവിന്റെ ചിത്രത്തിൽ നിന്നു 'കണ്ണീർ' കട്ടച്ചിറ സെന്റർ മേരീസ് പള്ളി ചാപ്പലിലേക്ക് വിശ്വാസികളുടെ പ്രവാഹം

കായംകുളം: കട്ടച്ചിറ സെന്റ് മേരീസ് യാക്കോബായ പള്ളിയുടെ മൂന്നാംകുറ്റി ചാപ്പലിൽ നടക്കുന്ന അഖണ്ഡപ്രാർത്ഥനായജ്ഞം ജനബാഹുല്യംകൊണ്ട് ശ്രദ്ധേയമാകുന്നു. ചാപ്പലിൽ സ്ഥാപിച്ചിരിക്കുന്ന ദൈവമാതാവിന്റെ ചിത്രത്തിലെ കണ്ണിൽനിന്നു ജലം ഒഴുകുന്നത് കഴിഞ്ഞ ഇരുപതിനാണു ശ്രദ്ധയിൽപെട്ടത്. കഴിഞ്ഞ ദിവസവും ജലം ഒഴുകിവന്നതായി വികാരി ഫാ. റോയി ജോർജ് പറഞ്ഞു.

കഴിഞ്ഞ ദിവസങ്ങളിൽ ചാപ്പലിൽ നടന്ന വിശുദ്ധ കുർബാനയ്ക്കും ധ്യാനയോഗങ്ങൾക്കും മറ്റും ശ്രേഷ്ഠ കാതോലിക്കാ ബാവ, എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ്, ഗീവർഗീസ് മോർ ദിവാന്നാസിയോസ്, ഏലിയാസ് മോർ അത്താനാസിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, മാത്യൂസ് മോർ തേവോദോസിയോസ്, കുര്യാക്കോസ് മോർ ഗ്രിഗോറിയോസ്, കുര്യാക്കോസ്, മാത്യു മോർ



ഈവാനിയോസ്, കുര്യാക്കോസ് മോർ യൗസേബിയോസ്, കുര്യാക്കോസ് മോർ ക്ലീമ്മീസ്, സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ, സഭാ ട്രസ്റ്റി ജോർജ് മാത്യു തുടങ്ങിയവർ നേതൃത്വം നല്കി,

ചാപ്പലിനെ 'മരിയൻ തീർഥാടന' കേന്ദ്രമായി പ്രഖ്യാപിക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു വരുന്നതായി മാത്യൂസ് മോർ തേവോദോസിയോസ് പറഞ്ഞു.

## ഡോ. ബാബു പോളിന്റെ സേവനങ്ങൾ മഹത്തരം: ശ്രേഷ്ഠ കാതോലിക്ക ബാവ



തിരുവനന്തപുരം: സഭയുടേയും സമൂഹത്തിന്റേയും നന്മക്കുവേണ്ടി നിരന്തരം പ്രവർത്തിക്കുകയും പ്രവർത്തനം തുടരുകയും ചെയ്യുന്ന ഡോ. ഡി. ബാബു പോളിന്റെ സേവനങ്ങൾ ഏറ്റവും മഹത്തരമാണെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ അഭിപ്രായപ്പെട്ടു. ഇന്റർ കൾച്ചറൽ എക്യൂമെനിക്കൽ പ്രസ്ഥാനമായ എബണ്ടന്റ് ലൈഫ് ഇന്ത്യയുടെ "എബണ്ടൻസ് അവാർഡ് - 2009" തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് സിംഹാസന കത്തീഡ്രലിൽ നടന്ന സമ്മേളനത്തിൽ ഡോ. ബാബു പോളിന് സമ്മാനിച്ചു സംസാരിക്കുകയായിരുന്നു ശ്രേഷ്ഠ ബാവ. ഐ.എ.എൻ. പദവി മനുഷ്യനന്മക്കുവേണ്ടിയുള്ള ആധ്യാത്മിക പ്രവർത്തനങ്ങൾക്ക് തടസ്സമല്ലെന്ന് സ്വജീവിതത്തിലൂടെ ബാബുപോൾ തെളിയിച്ചതായി മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്ക ബാവ പറഞ്ഞു. എബണ്ടന്റ് ലൈഫ് ഇന്ത്യ പ്രസിഡന്റ് ഷെവ. കോശി എം. ജോർജ്ജ് അധ്യക്ഷത വഹിച്ചു. ഡോ. ഡി. ബാബുപോൾ മറുപടി പ്രസംഗം നടത്തി. സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വികാരി ഫാ. സിബി ജോസഫ്, ഏബ്രഹാം അലക്സ്, എം.ജി. ജയിംസ്, കേണൽ സി.എച്ച്. ഡിസൂസ എന്നിവർ പ്രസംഗിച്ചു.

## മാർത്തോമ്മാ മാത്യൂസ് ദിദിമോസ് ഒന്നാമന് അസ്സോസിയേഷൻ വിളിക്കാൻ അധികാരമില്ല

മലങ്കര സുറിയാനി സഭ തെരഞ്ഞെടുക്കാത്തതും പ. പാത്രിയർക്കീസ് ബാവ അംഗീകരിച്ച് സ്ഥാത്തിക്കോൻ കൊടുക്കാത്തതുമായ ഒരു വ്യക്തിക്ക് മലങ്കര മെത്രാപ്പോലീത്താ എന്ന പേരിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ വിളിക്കാൻ അധികാരമില്ലെന്ന് മലങ്കര സഭാംഗങ്ങൾ അറിയിച്ചു. സ്വയം കാതോലിക്കായായി പ്രഖ്യാപിച്ചയാളാണ് ദിദിമോസ് ബാവ. ഭരണഘടനക്കും കാനോനും പകരമാവില്ല പത്രപരസ്യം.

### അറിയിപ്പ്

മാസിക സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ വരിസംഖ്യ അടച്ചും സംഭാവന നല്കിയും പുതുതായി വരിക്കാരായും സഹായിക്കുക... സഹകരിക്കുക...

**ഷെവ. കെ.ജെ. ഏബ്രഹാം കോടിയാട്ട്,**
**സിംഹാസനപള്ളി, തിരുവല്ല**

## സംസാരിക്കുന്ന ബൈബിൾ വിതരണം ചെയ്തു



തിരുവനന്തപുരം: സെന്റ് പീറ്റേഴ്സ് യാക്കോബായ സിംഹാസന കത്തീഡ്രലിൽ നടന്ന എബണ്ടന്റ് ലൈഫ് ഇന്ത്യയുടെ വാർഷിക സമ്മേളനത്തിൽ അന്ധർക്ക് വേണ്ടിയുള്ള "സംസാരിക്കുന്ന ബൈബിൾ" മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്ക ബാവായുടെ സാന്നിദ്ധ്യത്തിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ വിതരണം ചെയ്തു.

ബ്രെയിലി ഭാഷ വശമില്ലാത്ത അന്ധർക്ക് തികച്ചും സൗജന്യമായി സംസാരിക്കുന്ന ബൈബിൾ നല്കുമെന്ന് ബൈബിൾ സൊസൈറ്റി തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്റർ ഷെവ. കോശി എം. ജോർജ് പ്രസ്താവിച്ചു.

### യൂത്ത് അസോസിയേഷൻ ഭാരവാഹികൾ

ഒക്ടോബർ 9-ാം തീയതി പൗലോസ് മാർ ഐറേനിയസ് മെത്രാപ്പോലിത്തായുടെ അദ്ധ്യക്ഷതയിലും, ശ്രേഷ്ഠ കാതോലിക്കാ ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ അനുഗ്രഹിത സാന്നിദ്ധ്യത്തിലും പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽവച്ച് കൂടി. 2009-2011 വർഷത്തെ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു. വൈദീക വൈസ് പ്രസിഡന്റ് ഫാ. ജോയി ആനക്കുഴി (കണ്ടനാട് ഭദ്രാസനം). അത്മായ വൈസ് പ്രസിഡന്റ് ജോസ് സ്ലീബ കാട്ടുമങ്ങാട്ട് (ചെന്നൈ ഭദ്രാസനം). ജനറൽ സെക്രട്ടറി ബിജു കെ. തമ്പി (കൊച്ചി ഭദ്രാസനം). ട്രഷറൽ അഡ്വ. ദിലീഷ് ജോൺ (കണ്ടനാട് ഭദ്രാസനം). ജോയിന്റ് സെക്രട്ടറി അഡ്വ. ഷൈജു സി. ഫിലിപ്പ് (കോട്ടയം ഭദ്രാസനം) വർക്കിംഗ് കമ്മറ്റി ഒ.എം. എൽദോസ് (തൃശ്ശൂർ ഭദ്രാസനം), എൽദോ പൗലോസ് (കോഴിക്കോട് ഭദ്രാസനം), പോൾ കെ.സി. (അങ്കമാലി ഭദ്രാസനം), അജിത്ത് ജോർജ്ജ് നല്ലില (കൊല്ലം ഭദ്രാസനം), റോബി ജോൺ (ഇടുക്കി ഭദ്രാസനം), തോമസ് വർഗ്ഗീസ് (നിരണം ഭദ്രാസനം), കലാവിഭാഗത്തിൽ ഡീക്കൺ ജോൺസ് അടൂർ (കൊല്ലം ഭദ്രാസനം), കായിക വിഭാഗത്തിൽ ബിജു സ്കറിയ (അങ്കമാലി ഭദ്രാസനം), ഓഡിറ്റർമാരായി ബെഞ്ചമിൻ സാമുവൽ (തുമ്പമൺ ഭദ്രാസനം), ഷിബു ഓളങ്ങാട്ട് (മലബാർ ഭദ്രാസനം).



Pro-Oriente Second Colloquium Syriacum was held on 4-6 November at Vienna. The Theme of the Symposium was Syriac Christianity in the Middle East and India Today: Contributions and challenges.

## BOOK POST

To

Sri/Smt. ..............................................

..............................................

..............................................

..............................................

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org